# മലയാളം

## കേരളപാഠാവലി

ഭാഗം 1

സ്റ്റാൻഡേർഡ് VII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-271-1-MALAYALAM (AT)-7-VOL-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2024
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

ഓരോ ജനതയുടെയും അഭിമാനമാണ് മാതൃഭാഷ. മനുഷ്യജീവിതത്തെയും സംസ്കാരത്തെയും നിർണ്ണയിക്കുന്നതിൽ മാതൃഭാഷയ്ക്ക് വലിയ പങ്കുണ്ട്. ഏത് വിജ്ഞാനവും വിനിമയംചെയ്യുന്നത് ഭാഷയിലൂടെയാണ്. സാമൂഹികമാറ്റത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കുന്നതും ഭാഷയാണ്. മലയാളം ദേശീയതലത്തിൽ ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. മലയാളം നമ്മുടെ ഭരണഭാഷയുമാണ്. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് സ്വന്തംഭാഷ പ്രയോഗിക്കുകയാണ് വേണ്ടത്. അതിന് സഹായകമാകുന്ന പഠനപ്രവർത്തനങ്ങളും വ്യവഹാരരൂപങ്ങളും സാഹിത്യഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ പാഠപുസ്തകം.

കൂട്ടുകാരുമൊത്തുവായിക്കാനും രസിച്ചുപഠിക്കാനും പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരങ്ങളാണ് ഈ പാഠപുസ്തകത്തിൽ ഒരുക്കിയിരിക്കുന്നത്. കഥപറഞ്ഞും കവിതചൊല്ലിയും അഭിനയിച്ചും വിവിധങ്ങളായ പഠനപ്രവർത്തനങ്ങളിലേർപ്പെട്ടും ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് സഹായിക്കും എന്ന വിശ്വാസത്തോടെ ഈ പാഠപുസ്തകം സ്നേഹപൂർവം അവതരിപ്പിക്കുന്നു.

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം.

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**പ്രൊഫ. (ഡോ.) അനിൽ വള്ളത്തോൾ**
സീനിയർ പ്രൊഫസർ,
മലയാള വിഭാഗം
കാലിക്കറ്റ് സർവകലാശാല

## ചെയർപേഴ്സൺ

**ഡോ. സീമ ജെറോം**
വകുപ്പധ്യക്ഷ, മലയാളവിഭാഗം,
കേരള സർവകലാശാല, കാര്യവട്ടം
കാമ്പസ്, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. കുമാർ ജെ.**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം, മഹാരാജാസ് കോളേജ്
എറണാകുളം

**ഡോ. പി. സത്യനേശൻ,**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.),
എസ്.സി.ഇ.ആർ.ടി., കേരളം

## അംഗങ്ങൾ

**അരുൺകുമാർ എ. എസ്.**
എൽ.പി.എസ്.ടി., ജി.എൽ.പി.ജി.എസ്.
തുമ്പമൺ നോർത്ത്, പത്തനംതിട്ട

**ദീപ പി. എം.**
യു.പി.എസ്.ടി., ജി.എസ്.ബി.എസ്.
കുമ്പള, കാസറഗോഡ്

**പവിത്രൻ കെ. കെ.**
ട്രെയിനർ, ബി.ആർ.സി
തിരൂർ

**യമുന എസ്.**
ഡി.പി.ഒ., എസ്.എസ്.കെ.
കോഴിക്കോട്

**രമാദേവി സി. പി.**
എച്ച്.എസ്.എസ്.ടി., ജി.ബി.എച്ച്.എസ്.എസ്.
പറയഞ്ചേരി, കോഴിക്കോട്

**ശ്രീദേവി ഡി.**
യു.പി.എസ്.ടി., ജി.കെ.എസ്.ജി.വി.&എച്ച്.എസ്.എസ്.,
വെള്ളനാട്, തിരുവനന്തപുരം

**ഷാജി ജോർജ്**
യു.പി.എസ്.ടി., സെന്റ് മേരീസ് യു.പി.എസ്.
തേവര, എറണാകുളം

**സജിത്കുമാർ പി. എം.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.,
മമ്പറം, കണ്ണൂർ

**സിദ്ദീഖ് എസ്.**
ജി.എച്ച്.എസ്.എസ്, കുളത്തൂർ,
തിരുവനന്തപുരം

**റോയി ജെ. കല്ലറങ്ങാട്ട്**
അധ്യാപകൻ (റിട്ട.),
സെന്റ് ജോർജ് യു.പി.എസ്., മൂലമറ്റം

## ചിത്രരചന

**നൗഷാദലി**
ഇം.എം.ഗണപത് എ.യു.പി.എസ്,
കീഴിശ്ശേരി, മലപ്പുറം

**ജിനി ജോസ് ജെ.**
സെന്റ് ജോൺസ് മോഡൽ എച്ച്.എസ്.എസ്.
നാലാഞ്ചിറ, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

**അജി ഡി. പി.**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം**


**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഇളംകാറ്റ് തെല്ലൊന്നു തൊട്ടെന്നുവന്നാൽ | 07 |

ഭൂമിക്കുവേണ്ടിയൊരു ലാവണ്യദ്ദശ്യോത്സവം........ 8
ഒരു ദിനാന്തസഞ്ചാരം........ 11
മനസ്സിലെ കിളി........ 15

| | | |
|---|---|---|
| 2 | നീളുമീയാത്രതൻ വിസ്മയങ്ങൾ | 21 |

പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ........ 22
നക്ഷത്രം........ 27
എന്നുമീ യാത്ര........ 31

| | | |
|---|---|---|
| 3 | മൊഴിപൊഴിയുമഴക് | 34 |

കാവ്യനർത്തകി........ 35
വാക്ക്........ 38
പടക്കളത്തിലേക്ക്........ 44

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണ ഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



1

# ഇളംകാറ്റ് തെല്ലൊന്നു തൊട്ടെന്നുവന്നാൽ

## ഇലകൾ

ഉണങ്ങിച്ചുളിഞ്ഞും കരിഞ്ഞും മൊരിഞ്ഞും
ദ്രവിക്കാനിരിക്കും മരക്കൊമ്പു കാൺകേ
മഴക്കാറുകൊണ്ടൂ മഴത്തുള്ളി വീണൂ
മരച്ചോട്ടിലെങ്ങോ മഴത്തുള്ളി തൊട്ടൂ.

മഴത്തുള്ളി തൊട്ടോരു മാഹേന്ദ്രജാലം
തരിച്ചൂ തുടിച്ചൂ മരക്കൊമ്പിലെങ്ങും
മരിക്കാനിരിക്കും മരക്കൊമ്പുതോറും
കുനുത്തൂ കുരുത്തൂ മുളപ്പായ് പൊടിപ്പായ്

**വനപർവം**
**[ജി. കുമാരപിള്ള]**

കവിതയിലെ ആശയംതന്നെയാണോ ചിത്രത്തിലുള്ളത്? മഴത്തുള്ളി തൊട്ടപ്പോഴുണ്ടായ ഇന്ദ്രജാലം എന്തായിരുന്നു? ചർച്ചചെയ്യുക.

*എന്തെന്ത് വിസ്മയക്കാഴ്ചകളാണ് പ്രകൃതി ഒരുക്കിവച്ചിട്ടുള്ളത്! ചെറുതും വലുതുമായ ആയിരമായിരം അദ്ഭുതക്കാഴ്ചകൾ! ''ആരാകിലെന്ത് മിഴിയുള്ളവർ നിന്നിരിക്കാം'' എന്ന കവിവചനം അന്വർഥമാക്കുന്ന ദൃശ്യഭംഗികൾ ആസ്വദിക്കാൻകൂടിയുള്ളതാണ് ഈ ജീവിതം.*



# ഭൂമിക്കുവേണ്ടിയൊരു ലാവണ്യദൃശ്യോത്സവം

പ്രകൃതിയുടെ അതിസുന്ദരമായ ഒരദ്ഭുതമാണ് കുറിഞ്ഞിപ്പൂക്കൾ. നമ്മുടെ കിഴക്കൻ മലകളുടെ മടിത്തട്ടിൽ അവ പന്തീരാണ്ടിൽ ഒരിക്കൽ പൂത്തുലയുന്നു. നീലക്കടൽപോലെ നിറഞ്ഞുലാവി ആടിക്കളിച്ചുനിൽക്കുന്ന ആ മനോഹരദൃശ്യം കാണാൻ നിങ്ങൾ ഒരിക്കൽ പോകണം; കണ്ട് കണ്ണും മനസ്സും കുളിർപ്പിക്കണം.

എത്ര വാഴ്ത്തിയാലും മതിയാവാത്ത ഒരു വിസ്മയദൃശ്യമാണത്. മൂന്നാറിലെ മലനിരകൾ മുഴുവൻ ഒരു പൂങ്കടൽ...!

കാറ്റുവീശുമ്പോൾ തിരയടിച്ചിളകുന്നപോലെ അവ ഒന്നിച്ചു നൃത്തംവയ്ക്കുന്നു. ആ നൃത്തത്തിനു സംഗീതമുണ്ട്. ആയിരമായിരം വണ്ടുകളുടെയും തേനീച്ചകളുടെയും മന്ദ്രസ്ഥായിയിലുള്ള മൂളൽ. ആയിരമായിരം തുമ്പികളുടെയും ചിത്രശലഭങ്ങളുടെയും ചെറുകിളികളുടെയും ചിറകിളക്കങ്ങളുടെ താളമുണ്ട്. ഇളംകാറ്റിന്റെ തഴുകലുണ്ട്. ആരുടെയോ മധുരസ്വരത്തിലുള്ള ചിരികളുണ്ട്. വനദേവതകളാവാം; ചെറുചോലകളാവാം. നമ്മുടെ ചുറ്റും മനോജ്ഞവും വൈവിധ്യപൂർണ്ണവുമായ ഒരു ജൈവലോകം ഉത്സവം കൊണ്ടാടുകയാണ്.

കുറിഞ്ഞിത്തേൻ നുകർന്നുനുകർന്ന് ലഹരിപിടിച്ച വണ്ടുകൾ ആ ഇതളുകളിൽത്തന്നെ ചേർന്നുറങ്ങുന്നതു കാണാം. അവയുടെ നീലക്കറുപ്പുമെയ്യാകെ മഞ്ഞപ്പൂമ്പൊടി

പൂശിയിരിക്കുന്നു. വായുവിലാകെ അനിർവചനീയമായൊരു പരിമളം നിറഞ്ഞുലാവുന്നു. ആ വലിയ മലഞ്ചരിവുകൾ മുഴുവൻ വസന്തം വന്നുനിന്ന് ആഹ്ലാദനൃത്തം ചവിട്ടുന്നപോലെ. കണ്ണുകൾ കൂമ്പി ഞാനാ സൗന്ദര്യലോകത്തിൽ എല്ലാംമറന്ന് ഏറെനേരം നിന്നുപോയി.

ഒന്നോർത്തുനോക്കൂ, ഇങ്ങനെയൊരു പുഷ്പോത്സവം കഴിഞ്ഞാൽ ആ പൂക്കളെല്ലാം മറഞ്ഞുപോകുന്നു. ചിറകുകളെല്ലാം പറന്നകലുന്നു. ചെടികളെല്ലാം അലങ്കാരങ്ങൾ ഊരിവച്ച് ഒഴിഞ്ഞ് ഉണങ്ങിനിൽക്കുന്നു. മലഞ്ചരിവുകൾ ശൂന്യമായിത്തീരുന്നു. എല്ലാം നിശ്ചലം. നിശ്ശബ്ദം.

പക്ഷേ, നാം അറിയാത്തതിനാലാണ്; ആ പൂക്കളെല്ലാം മണ്ണിൽ വിത്തെറിഞ്ഞുകഴിഞ്ഞു. മണ്ണിനടിയിൽ അവയെല്ലാം കാത്തുകിടക്കുന്നു. ഇനിയൊരു പന്തീരാണ്ടുകാലം കഴിയണം. അതുവരെ നീണ്ടതപസ്സിലാണ് കുറിഞ്ഞിച്ചെടികൾ.

വീണ്ടും പന്ത്രണ്ടുകൊല്ലം കഴിയും. വസന്തം ആകാശത്തുനിന്നു കാഹളംമുഴക്കിക്കൊണ്ടിറങ്ങിവരും. ആ വിളി കേൾക്കുമ്പോൾ വിത്തുകളെല്ലാം ഞെട്ടിയുണർന്നു പച്ചിച്ചുമിന്നുന്ന കൂപ്പുകൈയോടെ പുറത്തേക്കിറങ്ങി ഉയർന്നുവരും. വീണ്ടും അവ ലക്ഷംലക്ഷം മൊട്ടുകൾ അണിയുകയായി. ലക്ഷംലക്ഷം പുഷ്പങ്ങൾ വിരിഞ്ഞു തുടങ്ങുകയായി. പൂക്കൾ വിളിച്ചിട്ടോ! ദൂരെനിന്നു ചിറകടികൾ കേട്ടുതുടങ്ങുകയായി. മലഞ്ചരിവുകളിൽ ഉത്സവത്തിന്റെ കേളികൊട്ട് മുഴങ്ങുകയായി.

നമ്മെപ്പോലുള്ളവർ അമ്പരന്നു കണ്ടുനിൽക്കുന്നു..! ഹാ! ആർക്കുവേണ്ടിയാണ് ഈ ഒരുക്കങ്ങൾ? ഒന്നുമാത്രം എനിക്കറിയാം. എല്ലാം നശിപ്പിക്കുന്നവർക്കുവേണ്ടിയല്ല, പ്രകൃതിയെ പൂജിക്കുന്നവർക്കുവേണ്ടിയാണ് ഈ മനോഹാരിത. തീർച്ചയായും നമുക്ക് വേണ്ടിയല്ല, തേനീച്ചകൾക്കുവേണ്ടി, ശലഭങ്ങൾക്കും വണ്ടുകൾക്കും തുമ്പികൾക്കും കണ്ണിൽ കാണാനാവാത്ത കോടിക്കണക്കിനു പ്രാണികൾക്കുംവേണ്ടി, ഭൂമിയെന്ന അമ്മയ്ക്കുവേണ്ടിയാണീ ലാവണ്യദൃശ്യോത്സവം. നിങ്ങൾ കുഞ്ഞുങ്ങൾക്ക് ആ കാഴ്ച കാണാൻ ഭാഗ്യമുണ്ടാവട്ടെ.

**മുൻമൊഴി**
**[സുഗതകുമാരി]**

## വായിക്കാം, കണ്ടെത്താം

- മൂന്നാർ മലനിരകളിലെ പൂക്കളുടെ നൃത്തത്തിൽ എന്തെല്ലാമാണുള്ളത്?
- എഴുത്തുകാരി എല്ലാംമറന്നു നിന്നുപോയത് എന്തെല്ലാം കണ്ടിട്ടായിരുന്നു?
- കുറിഞ്ഞിച്ചെടികൾ നീണ്ടതപസ്സിലാണ് എന്നു പറയാൻ കാരണമെന്ത്?
- "ഈ മനോഹാരിത നമുക്കുവേണ്ടിയല്ല" – പിന്നെ ആർക്കൊക്കെ വേണ്ടിയാണ്?

## ചർച്ചചെയ്യാം, എഴുതാം

- "ആ മനോഹരദൃശ്യം കാണാൻ നിങ്ങൾ ഒരിക്കൽ പോകണം"- എന്തെല്ലാം കാഴ്ചകളാണ് നിങ്ങൾ അവിടെ കാണാൻ ആഗ്രഹിക്കുന്നത്?

- "പുഷ്പോത്സവം കഴിഞ്ഞാൽ പൂക്കളെല്ലാം മറഞ്ഞുപോകുന്നു." പിന്നീട് എന്തൊക്കെയാണ് സംഭവിക്കുന്നത്?
- "പ്രകൃതിയൊരുക്കുന്ന ഈ മനോഹാരിത" ആസ്വദിക്കാൻ നാം എന്തെല്ലാമാണ് ചെയ്യേണ്ടത്?

## ചേർത്തുചേർത്തുവയ്ക്കുമ്പോൾ

"അവയുടെ നീലക്കറുപ്പുമെയ്യാകെ മഞ്ഞപ്പൂമ്പൊടി പൂശിയിരിക്കുന്നു."

- മെയ്യാകെ
- കറുപ്പുമെയ്യാകെ
- നീലക്കറുപ്പുമെയ്യാകെ

വണ്ടിന്റെ ശരീരത്തെ വിശേഷിപ്പിക്കുന്ന പദങ്ങളാണല്ലോ കറുപ്പും നീലക്കറുപ്പും. ഭാഷാപ്രയോഗത്തിൽ ഇത്തരം വിശേഷണപദങ്ങൾ നൽകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

## പുഷ്പോത്സവം സംഘടിപ്പിക്കാം

### തലസ്ഥാനനഗരിയിൽ വസന്തോത്സവം

തിരുവനന്തപുരം: ക്രിസ്തുമസ്-പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി തലസ്ഥാനനഗരിയിൽ വസന്തോത്സവം ഒരുക്കും. കേരള റോസ് സൊസൈറ്റിയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും ചേർന്ന് 'നഗരവസന്തം' എന്ന പേരിൽ ഡിസംബർ 21 മുതലാണ് നഗരവീഥികളിലും കനകക്കുന്ന് പരിസരത്തുമടക്കം വസന്തോത്സവം സംഘടിപ്പിക്കുന്നത്.

വെള്ളയമ്പലം, കവടിയാർ, ശാസ്തമംഗലം, വഴുതക്കാട്, സ്പെൻസർ ജങ്ഷൻ എന്നിവിടങ്ങളിലെ റോഡുകളുടെ ഇരുവശങ്ങളും പൂച്ചെടികളും അലങ്കാരച്ചെടികളും കൊണ്ട് വർണ്ണാഭമാക്കും. കോർപ്പറേഷൻ ഓഫീസിന് മുന്നിൽനിന്ന് ദേവസ്വം ബോർഡ് ജങ്ഷൻ വരെയും പി.എം.ജി. വരെയുള്ള പാതയോരത്തും പൂക്കൾ നിറയും. വർണ്ണശബളമായ, സുഗന്ധം നിറയുന്ന ചെടികൾക്ക് പുറമേ അലങ്കാരദീപങ്ങളും ഇൻസ്റ്റലേഷനുകളും ചിത്രങ്ങളും വസന്തോത്സവത്തിന് മാറ്റു കൂട്ടും. പുലർച്ചെ ഒരു മണിവരെ വസന്തോത്സവം നീളും. കനകക്കുന്നിലും സൂര്യകാന്തി, നിശാഗന്ധി എന്നീ ഓഡിറ്റോറിയങ്ങളിലും പുഷ്പാലംകൃതമായ ഇൻസ്റ്റലേഷനുകൾ ഉണ്ടാവും.

ഈ വാർത്തയെക്കുറിച്ച് ചർച്ചചെയ്യുക. ഇത്തരം ഉത്സവങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അഭിപ്രായക്കുറിപ്പ് എഴുതുക.

നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു പുഷ്പോത്സവം സംഘടിപ്പിക്കുക.

**പുഷ്പോത്സവത്തിൽ**

- ആസൂത്രണം
- പോസ്റ്റർ / നോട്ടീസ് തയ്യാറാക്കൽ
- സ്കൂളിൽ പൂന്തോട്ടം സജ്ജമാക്കൽ
- പൂക്കളുള്ള ചെടികൾ എത്തിക്കൽ
- ചിട്ടയായ ക്രമീകരണം
- പ്രദേശത്തെ ക്ലബ്ബുകൾക്ക് / കൂട്ടായ്മകൾക്ക് പങ്കാളിത്തം നൽകൽ
-
-

**നിങ്ങൾ സംഘടിപ്പിച്ച പുഷ്പോത്സവത്തെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക.**

*പ്രകൃതിയിലെ സുന്ദരദൃശ്യങ്ങൾ പലതാണ്.*
*"പുളകംപോൽ കുന്നിൻപുറത്ത് വീണ പുതുമൂടൽമഞ്ഞി"നെ*
*മലയാളകവിത സുന്ദരമായി ആവിഷ്കരിച്ചിട്ടുണ്ട്.*

# ഒരു ദിനാന്തസഞ്ചാരം

ക്രമേണ മേല്പോട്ടു പടുത്തു, ചക്ര-
വാളത്തിൽ മുട്ടിച്ചൊരു കോട്ടപോലെ,
കിഴക്കുഭാഗത്തകലെപ്പരന്നു-
കിടന്നിടും കുന്നിതു നന്നു കാണ്മാൻ.

ആദ്യത്തിലാരാൽപ്പുകപോലെ കണ്ട-
ത,ടുത്തിടും നമ്മുടെ കാഴ്ചയിങ്കൽ,
മരങ്ങൾ പൂവല്ലികൾ മറ്റുമോരോ-
ന്നായി ക്രമാൽ വേർതിരിയുന്നു ഭംഗ്യാ.



പ്രായേണ, പത്രങ്ങൾ നിറഞ്ഞു തിങ്ങി-
നിൽക്കുന്ന വല്ലീതരുമണ്ഡലത്താൽ
പരക്കെ നൽപ്പച്ചനിറംപെടുന്നീ-
ക്കുന്നെത്രയും കൺകുളിരേകിടുന്നു.

ഇപ്പച്ചവർണ്ണത്തിനിടയ്ക്കിടയ്ക്കു
ശില്പജ്ഞർ ചായപ്പണി ചെയ്തപോലെ,
കാണപ്പെടുന്നുണ്ടു ചുകന്ന മണ്ണും,
രണ്ടിന്നുമേറെ പ്രഭ ചേരുമാറായ്.

മരങ്ങൾതൻ പച്ചില, പല്ലവങ്ങൾ,
പുഷ്പങ്ങൾ, പുല്ലെന്നിവയിങ്കലെല്ലാം
ഇപ്പോക്കുവെയ്‌ലേൽക്കുകയാൽ വിചിത്ര-
വർണ്ണം വഹിക്കുന്നിതു കുന്നിതേറ്റം.

ചിലേടമാച്ഛാദനശൂന്യമായും,
ചിലേടമോരോ മുകിലാൽ മറഞ്ഞും,
താന്നും ചിലേടം, ചില ദിക്കുയർന്നും,
നാനാപ്രകാരം വിലസുന്നു ശൈലം.

പത്രങ്ങളൊട്ടൊട്ടിളകുന്ന വൃക്ഷ-
ലതാഗണത്തിൻ പഴുതിങ്കലൂടെ
ഇളങ്കറുപ്പേന്തിടുമംബരാന്തം
കാണുന്നിതങ്ങേപ്പുറമാഴിപോലെ.



സാഹിത്യമഞ്ജരി - ഒന്നാംഭാഗം
[വള്ളത്തോൾ നാരായണമേനോൻ]

## വായിക്കാം, പറയാം

- കുന്ന് കണ്ണിന് കുളിരേകുന്നത് എങ്ങനെയാണ്?
- കുന്നിന് വിചിത്രവർണ്ണം ലഭിക്കുന്നത് എപ്രകാരമാണ്?
- ആഴിപോലെ കാണപ്പെടുന്നത് എന്താണ്?

## സാദൃശ്യഭംഗി കണ്ടെത്താം

കാവ്യഭാഗത്ത് കുന്നിനെയും കോട്ടയെയും 'പോലെ' എന്ന പ്രയോഗം കൊണ്ട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈ രീതിയിൽ 'പോലെ' ഉപയോഗിച്ച് സാദൃശ്യപ്പെടുത്തിയ കൂടുതൽ വരികൾ കവിതയിൽനിന്ന് കണ്ടെത്തി വിശദീകരിക്കുക.

നിങ്ങൾ കണ്ടെത്തിയ വരികളുടെ സാദൃശ്യഭംഗിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## വിശകലനം ചെയ്യാം

"ഇപ്പോക്കുവെയ്‌ലേൽക്കുകയാൽ വിചിത്ര-
വർണ്ണം വഹിക്കുന്നിതു കുന്നിതേറ്റം."

സൂര്യപ്രകാശം കുന്നിലേൽക്കുമ്പോഴുള്ള മാറ്റം എങ്ങനെയാണ് കവി വർണ്ണിച്ചിരിക്കുന്നത്?
കവിതയിലെ വരികൾ വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ആൽബം തയ്യാറാക്കാം

കുന്നുകളുടെ വ്യത്യസ്ത സമയങ്ങളിലെ വിദൂരദൃശ്യങ്ങൾ, സമീപദൃശ്യങ്ങൾ എന്നിവ മൊബൈലിൽ പകർത്തി ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക.

കവിതയിലെ കാഴ്ചകളും നിങ്ങൾ പകർത്തിയ ദൃശ്യാനുഭവങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

## ചിത്രം വരയ്ക്കാം

"പ്രായേണ, പത്രങ്ങൾ നിറഞ്ഞുതിങ്ങി-
നിൽക്കുന്ന വല്ലീതരുമണ്ഡലത്താൽ
പരക്കെ നൽപ്പച്ചനിറംപെടുന്നീ-
ക്കുന്നെത്രയും കൺകുളിരേകിടുന്നു."

വരികളിലെ ആശയം, മനോഹാരിത എന്നിവ തിരിച്ചറിഞ്ഞ് 'പരക്കെ നൽപ്പച്ചനിറം' തൂകിനിൽക്കുന്ന കുന്നിന്റെ ചിത്രം വരയ്ക്കുക.

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം

### മലയാളം കേൾക്കാൻ വായോ...

മലയാളം കേൾക്കാൻ വായോ
മാമലകൾ കാണാൻ വായോ
മഴപെയ്യുംനേരം പുഴയുടെ
മയിലാട്ടം കാണാൻ വായോ

മഞ്ജുളമീ നാട്ടിൽ മാധവ-
കാലങ്ങൾ കാണാൻ വായോ
മനസ്സിന്റെ തീരത്തഴകിൽ
കാവ്യങ്ങൾ തീർക്കാൻ വായോ

പൊന്നോണക്കാലം വയലിൽ
കിന്നാരം പറയും കാറ്റിൽ
ഒന്നിച്ചുനടക്കാൻ വായോ
ഒന്നല്ലോ മാനവർ നമ്മൾ.

**കുട്ടിക്കവിതകൾ**
**[സത്യചന്ദ്രൻ പൊയിൽക്കാവ്]**

ഈ കവിത വിശകലനംചെയ്ത് ആശയഭംഗി, പ്രയോഗഭംഗി തുടങ്ങിയവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. നിങ്ങൾ തയ്യാറാക്കിയ കുറിപ്പ് സഹപാഠികളുടെ രചനകളുമായി ഒത്തുനോക്കി ചർച്ചചെയ്ത് അധ്യാപകരുടെ സഹായത്തോടെ മെച്ചപ്പെടുത്തുക.

*മരങ്ങളിൽ കുടിപാർത്ത്, ശബ്ദവീചികൾ തീർത്ത് അനേകം പക്ഷികൾ! ഇത്തരം കൗതുകങ്ങൾ കുഞ്ഞുങ്ങൾ ഹൃദയത്തിൽ ചേർത്തുവയ്ക്കുന്നു.*

# മനസ്സിലെ കിളി

വേനലവധിക്കാലം വന്നു. പിക്‌ലുവിനു സ്കൂളിൽ പോകേണ്ടതില്ല. എന്നിട്ടും അതിരാവിലെ തന്നെ അവൻ ഉണർന്നു. ഉറക്കച്ചടവോടെ കണ്ണുകൾ തിരുമ്മിക്കൊണ്ട് അവൻ പൂന്തോട്ടത്തിലിറങ്ങി. അവന്റെ മനസ്സിലെ കിളി അശാന്തനായിരുന്നു. കാരണം കിളികളുടെ കലപില ശബ്ദങ്ങളാണ് എന്നും രാവിലെ അവനെ ഉണർത്തിയിരുന്നത്. പൂന്തോട്ടത്തിലെത്തിയ പിക്‌ലു, പക്ഷികളെ തിരഞ്ഞു. പക്ഷേ, ഒന്നു ശ്രദ്ധിച്ചു നോക്കിയപ്പോൾ കുരുവി, വായാടിക്കിളി, ബുൾബുൾ, തത്ത തുടങ്ങി പലതരം പക്ഷികളെ അവൻ കണ്ടു. ഓരോരുത്തരായി അവനെ സന്തോഷപൂർവം എതിരേറ്റു. ഒന്ന്, രണ്ട്, മൂന്ന്... ഇങ്ങനെ ഓരോന്നിനെയായി പിക്‌ലു എണ്ണിത്തുടങ്ങി. അങ്ങനെ കണ്ടും ആസ്വദിച്ചും എണ്ണിയും അവൻ ഗേറ്റിനു വെളിയിൽ എത്തി. പെട്ടെന്ന്, മഞ്ഞച്ചുണ്ടുള്ള രണ്ടുമൈനകൾ അവന്റെ തലയ്ക്കുമുകളിലൂടെ പറന്നുപോയി. പിക്‌ലുവിന് സന്തോഷമായി.



അവൻ ആനന്ദത്തോടെ കൈകൊട്ടി. സന്തോഷം തിരിച്ചുകാട്ടുംപോലെ പൂക്കൾ തലയാട്ടി ആഹ്ലാദംകൊണ്ടു. തേനീച്ചകൾ മുരളുന്നത് അവൻ കേട്ടു. സൂര്യൻ മുന്നോട്ടുപോയി. പകൽ രാത്രിയായി.

അടുത്തദിവസം അതിരാവിലെ എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. അപ്പോൾ അതാ ഒരു മൈന കൂട്ടിനകത്തുകിടന്നു പിടയ്ക്കുന്നു. ആ മൈനയുടെ ഒരു കാൽ ചങ്ങലകൊണ്ടു കെട്ടിയിരിക്കുന്നു. ആരാണ് അതിനെ ചങ്ങലയ്ക്കിട്ടതെന്ന് പിക്‌ലു അദ്ഭുതപ്പെട്ടു. വേഗം തന്നെ അമ്മയോടതു ചോദിക്കാൻ അവനോടി.

തന്റെ ചേട്ടനായ ടോട്ടനാണ് അടുത്തുള്ള കാട്ടിൽനിന്ന് ആ മൈനയെ പിടിച്ചു കൊണ്ടുവന്ന് അതിന്റെ കാലുകൾ കെട്ടി കൂട്ടിലടച്ചത്! ആ മൈന വളരെ സങ്കടത്തിലാണെന്നും ഒന്നും തിന്നുന്നില്ലെന്നും പിക്‌ലു ശ്രദ്ധിച്ചു. മാത്രമല്ല, അത് ഇടയ്ക്കിടെ ദയനീയമായി കരഞ്ഞുകൊണ്ടേയിരുന്നു.

ആ പക്ഷിയെയോർത്തു പിക്‌ലുവിനു സങ്കടമായി. മൈനയുടെ കരച്ചിൽ കേട്ട് മറ്റു പക്ഷികളൊന്നും പൂന്തോട്ടത്തിൽ വന്നില്ല. എന്തു വേണമെന്നറിയാതെ അവൻ അമ്പരന്നു. പെട്ടെന്ന് അവനൊരാശയം തോന്നി. ഒരു കസേര കൊണ്ടുവന്ന്, അതിനു മുകളിൽ കയറിനിന്നു പക്ഷിക്കൂടു തുറന്നു. കൂടു തുറന്നയുടനെ, മൈന സന്തോഷത്തിൽ അവനെ നോക്കി. പിക്‌ലു മൈനയുടെ കാലിലെ കെട്ടഴിച്ച്, അതിനെ കൈയിലെടുത്തു മൃദുവായി തലോടി. അതിനുശേഷം, അവൻ അമ്മയെ വിളിച്ചു. കുറച്ചു തൈലവുമായി വന്ന അമ്മ പക്ഷിയുടെ മുറിവേറ്റ കാലിൽ കുഴമ്പു പുരട്ടി. മൈനയ്ക്ക് ആശ്വാസം തോന്നി. അതു പിക്‌ലുവിനെ നോക്കി പുഞ്ചിരിച്ചു. അവൻ സ്നേഹപൂർവം അതിനെ ലാളിച്ചു. ആ മൈനപ്പെണ്ണ് മനോഹരമായ പാട്ടുപാടി. ആ പാട്ടുകേട്ട് ഉദ്യാനത്തിൽ മറ്റു പക്ഷികൾ പറന്നുവന്നു കളിക്കാനും തുടങ്ങി. പലയിനം പക്ഷികൾ അവിടെ വന്നുനിറഞ്ഞു.

പൂന്തോട്ടത്തിലേക്കു പോയ മൈന ഒരു മരക്കൊമ്പിൽ കയറി. ഒരു കൊമ്പിൽ നിന്ന് മറ്റൊരു കൊമ്പിലേക്കതു ചാടി. ഒടുവിൽ മൈന പറന്നുപോയി. നീലാകാശത്തിന്റെ വിശാലതയിലേക്കു പറന്നുപറന്നു പോയി.

കിഴക്കേ ആകാശത്തിൽ സൂര്യൻ ചുവന്നു തിളങ്ങി. പൂന്തോട്ടത്തിലെ സുന്ദരപുഷ്പങ്ങൾ പ്രഭാതകിരണങ്ങളാൽ അനുഗ്രഹിക്കപ്പെട്ടു. തുമ്പികൾ ചിറകുവിടർത്തി നൃത്തം ചെയ്തു. തേനീച്ചകളും പൂമ്പാറ്റകളും വർണ്ണപുഷ്പങ്ങൾക്കു ചുറ്റും ആഹ്ലാദത്താൽ ഇളകിമറിഞ്ഞു. എല്ലാവരും സന്തുഷ്ടരായിക്കണ്ടു.

എന്നാൽ, പിക്‌ലു ദുഃഖിതനായിരുന്നു. “മൈന അതിന്റെ അമ്മയെ കണ്ടെത്തുമോ? അതിനു വീട്ടിലേക്കുള്ള വഴി അറിയുമോ?”

അടുത്ത ദിവസം അതിരാവിലെ, ആരോ തന്റെ പേരുവിളിക്കുന്നതായി പിക്‌ലു കേട്ടു. അവൻ പുറത്തേക്കോടി. താൻ കൂട്ടിൽനിന്നു സ്വതന്ത്രയാക്കിയ മൈന, അവളുടെ അമ്മയുമായി പൂമരക്കൊമ്പിലിരിക്കുന്നു.

പിക്‌ലു അച്ഛനെയും അമ്മയെയും ചേട്ടനെയും വിളിച്ചു. സന്തോഷത്തോടെ



ആർത്തുവിളിച്ചു. ഹായ്! ഹായ്! ഹൂയ്! ആഹ്ലാദത്തിമിർപ്പിലവൻ ആറാടി. തന്റെ മനസ്സിലെ പക്ഷി പറന്നുചെന്ന് പ്രകൃതിയിലെ പക്ഷിയെ കണ്ടുമുട്ടിയ സന്തോഷാനുഭവം പിക്‌ലുവിനുണ്ടായി.

മനസ്സിലെ കിളി
[ബിമലേന്ദ്ര ചക്രവർത്തി]

## വായിക്കാം, പറയാം

- പൂന്തോട്ടത്തിൽ പിക്‌ലുവിനെ എതിരേറ്റത് ആരെല്ലാം?
- അടുത്തദിവസം അതിരാവിലെ പിക്‌ലു കണ്ട കാഴ്ച എന്തായിരുന്നു?
- കൂട്ടിൽ കിടന്ന മൈനയെ പിക്‌ലു എന്താണ് ചെയ്തത്?
- “എന്നാൽ പിക്‌ലു ദുഃഖിതനായിരുന്നു.”- കാരണമെന്ത്?
- പിക്‌ലുവിന്റെ സന്തോഷാനുഭവം എന്തായിരുന്നു?

## കണ്ടെത്തി എഴുതാം

- പിക്‌ലുവിന്റെ മനസ്സിലെ കിളി അശാന്തനായിരുന്നു എന്ന് പറയാനുള്ള കാരണം എന്താവാം?
- പിക്‌ലുവിന്റെ ചേട്ടൻ മൈനയെ പിടിച്ച് കൂട്ടിലാക്കി. പിക്‌ലു ചേട്ടനോടു ചോദിക്കുകപോലും ചെയ്യാതെ അതിന്റെ കെട്ടഴിച്ചു പറത്തിവിട്ടു. അവൻ അങ്ങനെ ചെയ്തത് എന്തുകൊണ്ടാകാം?
- പക്ഷികളെ ഇഷ്ടപ്പെടുന്ന പലരും അവരെ കൂട്ടിലടച്ചു വളർത്താറുണ്ട്. ഇങ്ങനെ ചെയ്യുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.

## പേരിനുപകരം പദമെഴുതാം

“പിക്‌ലു അതിരാവിലെ തന്നെ ഉണർന്നു. പിക്‌ലു കണ്ണുകൾ തിരുമ്മിക്കൊണ്ട് പൂന്തോട്ടത്തിലിറങ്ങി. പൂന്തോട്ടത്തിലെത്തിയ പിക്‌ലു പക്ഷികളെ തിരഞ്ഞു. പലതരം പക്ഷികളെ പിക്‌ലു കണ്ടു. ഓരോരുത്തരായി പിക്‌ലുവിനെ സന്തോഷപൂർവം എതിരേറ്റു. രണ്ടു മൈനകൾ പിക്‌ലുവിന്റെ തലയ്ക്കുമുകളിലൂടെ പറന്നുപോയി. പിക്‌ലു ആനന്ദത്തോടെ കൈകൊട്ടി.”

പിക്‌ലു അതിരാവിലെ തന്നെ ഉണർന്നു. അവൻ കണ്ണുകൾ തിരുമ്മിക്കൊണ്ട് പൂന്തോട്ടത്തിലിറങ്ങി. പൂന്തോട്ടത്തിലെത്തിയ അവൻ പക്ഷികളെ തിരഞ്ഞു...

- ഇതേ മാതൃകയിൽ തുടർന്നുള്ള വാക്യങ്ങളും മാറ്റിയെഴുതുക.

  മാറ്റിയെഴുതിയപ്പോൾ ഉപയോഗിച്ച പദം ഏതാണ്?

- ഇങ്ങനെ എഴുതിയപ്പോൾ ഉണ്ടായ വ്യത്യാസം എന്താണ്? ചർച്ച ചെയ്യുക.

## വ്യത്യാസം തിരിച്ചറിയാം

പിക്‌ലു ദുഃഖിതനായിരുന്നു.

അമ്മ ദുഃഖിതയായിരുന്നു.

അവർ ദുഃഖിതരായിരുന്നു.

അടിവരയിട്ട പദങ്ങൾ വ്യത്യസ്തമാകുന്നത് എന്തുകൊണ്ട്? ചർച്ചചെയ്യുക. ഇത്തരത്തിൽ മാറ്റംവരുന്ന പദങ്ങൾ ഉൾക്കൊള്ളുന്ന കൂടുതൽ വാക്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## ഉപന്യാസം തയ്യാറാക്കാം

"വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ, ഞാ-
നൊട്ടു വാനിൽ പറന്നുനടക്കട്ടെ."

[ബാലാമണിയമ്മ]

"സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം."

[കുമാരനാശാൻ]

'മനസ്സിലെ കിളി' എന്ന കഥ, മുകളിൽക്കൊടുത്ത കവിതാശകലങ്ങൾ എന്നിവ വിശകലനംചെയ്ത് 'സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. സ്വാതന്ത്ര്യത്തെക്കുറിക്കുന്ന കൂടുതൽ കവിത-ഗാനശകലങ്ങൾ കണ്ടെത്തി രചനയിൽ ഉൾപ്പെടുത്തുമല്ലോ.

## കഥാപാത്രനിരൂപണം

ഈ കഥയിലെ പ്രധാന കഥാപാത്രമാണ് പിക്ലു. അവന്റെ എന്തെല്ലാം സവിശേഷതകളാണ് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്?




ഗ്രൂപ്പിൽ ചർച്ചചെയ്ത് കണ്ടെത്തിയ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി കഥാപാത്രനിരൂപണം എഴുതുക.

## സംഭാഷണം തയ്യാറാക്കി അഭിനയിക്കാം

'മനസ്സിലെ കിളി' എന്ന കഥയിലെ കഥാപാത്രങ്ങൾ നടത്താനിടയുള്ള സംഭാഷണം എഴുതുക. ചെറുസംഘങ്ങളായി നാടകരൂപത്തിൽ അവതരിപ്പിക്കുക.

## ഔചിത്യം കണ്ടെത്താം

'ഇളംകാറ്റ് തെല്ലൊന്നു തൊട്ടെന്നുവന്നാൽ' എന്ന ശീർഷകം ഈ യൂണിറ്റിന് എത്രമാത്രം യോജിക്കുന്നു? ഈ യൂണിറ്റിലെ പാഠഭാഗങ്ങളിലെ ആശയങ്ങളുമായി ബന്ധപ്പെടുത്തി ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

## കാഴ്ചാനുഭവം എഴുതാം.

ആകാശം നരച്ച് വിളറിക്കിടക്കുകയാണ്. നേർത്ത മഞ്ഞിൻപടലങ്ങൾ അകലത്തെ പൈൻമരക്കാടുകൾക്കിടയിൽ ഊളിയിട്ടു കളിക്കുന്നു. മരക്കൂട്ടങ്ങളും ആപ്പിൾത്തോട്ടങ്ങളും കടന്നാൽ കാണുന്ന കുന്നുകൾ വെട്ടിത്തെളിച്ചു നഗ്നമാക്കിയിരിക്കുന്നു. ഡിസംബർ മാസത്തിൽ ഉച്ചനേരത്ത് നിത്യവും ഈ ജാലകം തുറന്നിട്ട് കുറച്ചിട നോക്കിനിൽക്കാറുണ്ട്. നോക്കെത്തുന്നേടം മുഴുവൻ കുഴമഞ്ഞ് മൂടിക്കിടക്കുന്നത് കാണും.

ദിവസങ്ങൾ പച്ചയുടെയും വെളുപ്പിന്റെയും ലോകത്തിൽ നിത്യവും മാറ്റങ്ങൾ വരുത്തുന്നു. അവസാനം അങ്ങിങ്ങായി വെണ്മയുടെ വീണുകിടക്കുന്ന മേഘക്കീറുകൾ, ഉരുകിത്തീരാത്ത ശിശിരത്തിന്റെ ഓർമ്മക്കുറിപ്പുകൾ ബാക്കിനിൽക്കുന്നു.

മലനിരകൾ മാസങ്ങൾക്കുശേഷം ഇളംചൂടേൽക്കുന്ന ചൈത്രത്തിന്റെ മധ്യാഹ്നങ്ങൾ, വെയിൽ തെളിയുമ്പോൾ കുന്നിൻ ചെരുവുകളിൽ മഞ്ഞുരുകിയ വെള്ളിയൊഴുക്കുകൾ കാണാവുന്നു; ഇന്നലെയുടെ കണ്ണീർച്ചോലകൾ.

അവൾ നോക്കിനിൽക്കെ, നരച്ച ആകാശം തെളിഞ്ഞു. പതുക്കെപ്പതുക്കെ മലയോരത്തിൽ ഇളവെയിൽ പരന്നു. താഴ്‌വരയിലെ നടപ്പാതയുടെ വളവിലെ കൂറ്റൻ ബർച്ചുമരത്തിന്റെ നനവുള്ള ഇലച്ചാർത്തുകൾ തിളങ്ങുന്നു.

മഞ്ഞും മേഘവും കലർന്നുനിന്ന വിദൂരതയിൽ കൊടുമുടികളുടെ നരച്ച ശിരസ്സുകൾ തെളിയുന്നു.

മഞ്ഞ്
[എം.ടി. വാസുദേവൻനായർ]

മുകളിൽ കൊടുത്തിരിക്കുന്ന വർണ്ണനാഭാഗം വായിച്ച്, നിങ്ങളുടെ പ്രദേശത്തെ വയൽക്കാഴ്ചകൾ, പുഴയോരക്കാഴ്ചകൾ, ആകാശക്കാഴ്ചകൾ എന്നിവയിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ചുള്ള കാഴ്ചാനുഭവം വർണ്ണിക്കുക.

2

# നീളുമീയാത്രതൻ വിസ്മയങ്ങൾ



ചിത്രങ്ങൾ നിരീക്ഷിച്ച് ദൃശ്യഭംഗി വിവരിക്കുക.

യാത്രകൾ അനുഭവങ്ങളും അറിവുകളും നൽകുന്നു.
പ്രകൃതിയിലെ കാഴ്ചകൾ പലപ്പോഴും നമ്മെ വിസ്മയിപ്പിക്കും.
അത് ജീവിതത്തെ പുതുക്കിക്കൊണ്ടേയിരിക്കും.

# പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ



എപ്പോഴെങ്കിലും നിങ്ങൾ പൂമ്പാറ്റകളുടെ ചിറകടിനാദം കേട്ടിട്ടുണ്ടോ? ഷോളയാർ പുഴയോരം. ഇരുളടഞ്ഞ മഴക്കാടിനെ വേണ്ടുവോളം ശരീരത്തിലും മനസ്സിലും അനുഭവിച്ചറിഞ്ഞ ദിനങ്ങൾക്കൊടുവിൽ ഞങ്ങൾ എത്തിപ്പെട്ട ഇടം. മരങ്ങളായ മരങ്ങളിലെ ഇലകളൊക്കെ ഉണങ്ങിനിൽക്കുന്ന കാഴ്ച. കാട്ടുതീ വന്നതാകുമോ? വല്ലാതെ പരിഭ്രാന്തരായി ഞങ്ങൾ. മഴക്കാടുകൾ അങ്ങനെ പെട്ടെന്ന് തീയ്ക്ക് പിടികൊടുക്കുകയില്ല. അവയുടെ ഘടന അങ്ങനെയാണ്. എവിടെയും ഈർപ്പമയം. ആരോഗ്യമുള്ളതും ജീവസ്സുറ്റതുമായ ഇലച്ചാർത്തുകൾ. എവിടെയും ജലത്തിന്റെ സാന്നിധ്യം, തീയ്ക്ക് മാറിനിൽക്കാനേ കഴിയൂ ഈ ഹരിതസാമ്രാജ്യത്തിൽ.

പതുക്കെപ്പതുക്കെയാണ് ഞങ്ങൾ ആ യഥാർഥ്യം തിരിച്ചറിഞ്ഞത്. ഇലകളായ ഇലകളൊക്കെ ചിത്രശലഭങ്ങളായിരുന്നു! ഒരു വനപ്രദേശം മുഴുക്കെ ലക്ഷക്കണക്കിന് പൂമ്പാറ്റകൾ! ഇലകളുടെ പച്ചനിറം മറച്ചുകൊണ്ട് അവ വൃക്ഷങ്ങളിലും ചെടികളിലുമൊക്കെ പറ്റിപ്പിടിച്ചിരിക്കുന്നു. 'കോമൺ ക്രോ' എന്ന ചിത്രശലഭമായിരുന്നു കൂടുതലും. 'പ്ലെയിൻ ടൈഗറും' ഒപ്പമുണ്ട്. ഇവ ചിറകുപൂട്ടിയാൽ ഇലകൾ ഉണങ്ങിയ നിറമായി തോന്നാം. ഞങ്ങൾ നിശ്ശബ്ദരായി ആ കാഴ്ച കാണുകയാണ്.

അന്നാദ്യമായി ആ അദ്ഭുതനാദം ഞാൻ കേട്ടു.







പൂമ്പാറ്റകളുടെ ചിറകടിനാദം! ലക്ഷക്കണക്കിനു പൂമ്പാറ്റകൾ പറന്നുയരുന്ന അദ്ഭുതക്കാഴ്ച. അവയ്ക്കിടയിൽ സ്വയംമറന്ന് എല്ലാ ചിന്തകളെയും വിട്ട്, ആ സ്വപ്നലോകത്തിൽപ്പെട്ട്, കണ്ണുകളിൽവിടർന്ന കൗതുകവും അദ്ഭുതവും കൊണ്ട് ഞങ്ങൾ തികച്ചും കുഞ്ഞുങ്ങളായി രൂപാന്തരം പ്രാപിക്കുകയായിരുന്നോ? പൂമ്പാറ്റകളുടെ വലയത്തിൽപ്പെട്ട കുഞ്ഞുങ്ങളെപ്പോലെ അങ്ങനെ...

* * * * *



കാതിൽ വീണ്ടും ചിറകുകളുടെ മൃദുമന്ത്രണം. ഞങ്ങൾ അപ്പോൾ ആ മഴക്കാടിന്റെ ഹൃദയഭാഗത്തായിരിക്കണം. പുലരി വെയിലിന്റെ സ്വർണ്ണക്കീറുകൾ ഇലച്ചാർത്തുകൾക്കിടയിലൂടെ അരിച്ച് വീണുതുടങ്ങി. ഈർപ്പമാർന്ന മണ്ണടരുകളിൽനിന്ന് ഉയരുന്ന നീരാവിക്കിടയിൽ പൂമ്പാറ്റകൾ പാറിനടന്നു. പൂമ്പാറ്റപ്പിടിയന്മാരായ ചില കൊച്ചു പക്ഷികളും പല്ലിവർഗങ്ങളും അന്നത്തിന്റെ ഈ ധാരാളിത്തത്തിൽ പരിഭ്രാന്തരായി. എന്റെ സങ്കല്പത്തിനുമേലെ ആ പൂമ്പാറ്റക്കൂട്ടം ചിറകുവിരിച്ച് നൃത്തംചെയ്തു. കാട്ടുപൂക്കളുടെ വർണ്ണവും സുഗന്ധവും ഉണ്ടായിരുന്നു അവയ്ക്ക്. ബാല്യകാലസ്വപ്നങ്ങളിലേക്കവ എന്നെ ചിറകുവിരിപ്പിച്ചുയർത്തി. അവയ്ക്കൊപ്പം ഞാനും പറന്നുയർന്നു. ലക്ഷക്കണക്കിന് പൂമ്പാറ്റകൾക്കൊപ്പം ഞാനൊരു കുഞ്ഞുപൂമ്പാറ്റയായി. അവയുടെ മൃദുലമായ ചിറകുകൾ എന്റെ മുഖത്തും ശരീരത്തിലുമൊക്കെ ഉരുമ്മുന്നുണ്ടായിരുന്നു. അവ പല വർണ്ണങ്ങളിലുള്ള പൂമ്പൊടികൾ കൊണ്ടെന്നെ തഴുകി. വനനിഗൂഢതകളുടെ ആഴം തിരിച്ചറിയാനാകാതെ ഞാൻ ആ കയത്തിൽ മുങ്ങിപ്പോയി. എനിക്കതിൽനിന്ന് കരകയറണമെന്ന ആഗ്രഹം ലവലേശമില്ലായിരുന്നു.

പൂമ്പാറ്റകളിൽ പൂമ്പാറ്റയായി ഞാൻ ഒഴുകിപ്പറന്നു. മന്ദമായി കാറ്റുവീശി. പൂമ്പാറ്റകളൊക്കെ കാറ്റിന് എന്നെ വിട്ടുകൊടുക്കാതെ വന്നു പൊതിഞ്ഞുനിന്നു.

**കാടിനെ ചെന്ന് തൊടുമ്പോൾ**
**[എൻ. എ. നസീർ]**



## വായിക്കാം, പറയാം

- ഈ പാഠഭാഗത്ത് നിങ്ങളെ ആകർഷിച്ച മനോഹരദൃശ്യങ്ങൾ ഏതെല്ലാമാണ്?
- ഷോളയാർ പുഴയോരത്തെത്തിയ യാത്രികനെയും സുഹൃത്തുക്കളെയും പരിഭ്രാന്തരാക്കിയ കാഴ്ച ഏത്?
- “അന്നാദ്യമായി ആ അദ്ഭുതനാദം ഞാൻ കേട്ടു” ഇവിടെ അദ്ഭുതനാദം എന്നു വിശേഷിപ്പിച്ചത് എന്തിനെയാണ്?

## കണ്ടെത്താം, എഴുതാം

- "തീസ്റ്റ് മാറിനിൽക്കാനേ കഴിയൂ ഈ ഹരിതസാമ്രാജ്യത്തിൽ" എന്നു പറഞ്ഞതെന്തുകൊണ്ടാകാം?
- ഷോളയാർവനങ്ങളിലെ മരങ്ങളായ മരങ്ങളിലെ ഇലകളൊക്കെ ഉണങ്ങി നിൽക്കുന്നുവെന്ന് തോന്നിച്ച അദ്ഭുതപ്രതിഭാസം എന്തായിരുന്നു?
- യാത്രികനും കൂട്ടുകാരും പൂമ്പാറ്റകളുടെ വലയത്തിൽപ്പെട്ട കുഞ്ഞുങ്ങളായി മാറി എന്നു തോന്നിയതെപ്പോൾ?

## പ്രയോഗഭംഗി കണ്ടെത്താം

പ്രഭാതം വിളിച്ചറിയിച്ചുകൊണ്ടെത്തുന്ന സൂര്യന്റെ സ്വർണ്ണനിറമുള്ള വെളിച്ചത്തെയാണ് 'പുലരിവെയിലിന്റെ സ്വർണ്ണക്കീറുകൾ' എന്നു പാഠഭാഗത്ത് പ്രയോഗിച്ചിരിക്കുന്നത്. ഇതുപോലുള്ള കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി വിശദീകരിക്കുക.

## ഇടശ്ശബ്ദം- ചേർത്തും ചേർക്കാതെയും

| | |
|---|---|
| കാതിൽ വീണ്ടും ചിറകുകളുടെ <u>മൃദുവായ മന്ത്രണം</u> | കാതിൽ വീണ്ടും ചിറകുകളുടെ <u>മൃദുമന്ത്രണം</u> |
| മഴക്കാടിന്റെ <u>ഹൃദയത്തിന്റെ ഭാഗത്തായിരിക്കണം</u> | മഴക്കാടിന്റെ <u>ഹൃദയഭാഗത്തായിരിക്കണം</u> |

ഇപ്രകാരം പദങ്ങൾ ഇടശ്ശബ്ദം ചേർത്തും ചേർക്കാതെയും എഴുതിയപ്പോൾ പ്രയോഗത്തിൽ ഉണ്ടായ സവിശേഷതകൾ ചർച്ചചെയ്യുക.

## വിശകലനം ചെയ്യാം

"പൂമ്പാറ്റകളൊക്കെ കാറ്റിന് എന്നെ വിട്ടുകൊടുക്കാതെ വന്നു പൊതിഞ്ഞുനിന്നു."- ഈ വാക്യംകൊണ്ട് എഴുത്തുകാരൻ അർഥമാക്കുന്നതെന്താകാം? വിശകലനം ചെയ്ത് കുറിപ്പെഴുതുക.

## നിരീക്ഷിക്കാം, വർണ്ണിക്കാം

ഇലകളുടെ പച്ചനിറം മറച്ചുകൊണ്ട് മരങ്ങളായ മരങ്ങൾ നിറയെ പറ്റിപ്പിടിച്ചിരുന്ന പൂമ്പാറ്റകളുടെ കാഴ്ച പാഠഭാഗത്ത് അവതരിപ്പിച്ചതു കണ്ടല്ലോ. നമ്മുടെ ചുറ്റും ഇതുപോലെ ധാരാളം ചെറുജീവികൾ ഭംഗിയുള്ള കാഴ്ചകളൊരുക്കുന്നുണ്ട്. അവ നിരീക്ഷിച്ച് വർണ്ണന തയ്യാറാക്കുക.

# അട്ടപ്പാടി

മണ്ണാർക്കാട്ടുനിന്ന് സൈലന്റ്‌വാലി അട്ടപ്പാടി ഭാഗങ്ങളിലേക്ക് പുറപ്പെട്ടതാണ് ഞങ്ങൾ. കഴിഞ്ഞ വൈകുന്നേരങ്ങളിലെല്ലാം മലകളിൽ തിമിർത്ത മഴയായിരുന്നു. രാത്രിമഴയിൽ കുതിർന്ന പ്രകൃതി പ്രഭാതസൂര്യന്റെ ഇളംവെയിലിൽ ഈറൻ മാറി പ്രസരിച്ചുനിന്നു.

വൃശ്ചികം പിറന്നതേയുള്ളൂ. വൃശ്ചികക്കാറ്റ് ആഞ്ഞു വീശിത്തുടങ്ങി. അജ്ഞേയമായ ഒരു പ്രകൃതിപ്രതിഭാസമെന്നപോലെ എല്ലാ വൃശ്ചികം ഒന്നിനും കൃത്യമായി സഹ്യന്റെ മറുപുറത്തെ പീഠഭൂമിയിൽനിന്ന് പാലക്കാടൻ ചുരംവഴി ഈ കാറ്റ് കടന്നുവരുന്നു. മുണ്ടകൻ പാടങ്ങളിൽ ഹരിതവീചി പരമ്പരകളായി ലസിച്ചും തെങ്ങിൻതലപ്പുകളിൽ ദിശാഭ്രമം സൃഷ്ടിച്ചും കാറ്റ് പടിഞ്ഞാറൻ കടൽത്തീരത്തെ ലക്ഷ്യമാക്കി വീശുന്നു. വള്ളുവനാടിന്റെ ഇടനാടൻ പ്രദേശങ്ങളിൽ ഏതാണ്ട് മുഴുക്കെ പാലക്കാടൻ കാറ്റ് അനുഭവപ്പെടുന്നുണ്ട്. തെക്ക് അതിന്റെ അതിർത്തി ചാലക്കുടിപ്പുഴയാണ്. പടിഞ്ഞാറ് കടൽത്തീരത്തിനു പത്തുനാഴിക മുമ്പ് കടൽക്കാറ്റിന്റെ സമ്മർദമേറ്റ് അതിന്റെ ശക്തി ക്ഷയിക്കുന്നു.

പാലക്കാടൻ കാറ്റ് അനഭിമതനായ ഒരതിഥിയാണ്. പീഠപ്രകൃതിയുടെ ഉഷ്ണവും പൊടിമണ്ണും ഏറ്റിവരുന്ന അത് രോഗകാരണമാവുന്നു. അതിന്റെ വരണ്ട ആശ്ലേഷം തെങ്ങും കവുങ്ങും പോലുള്ള ഫലവൃക്ഷങ്ങൾക്ക് ഒട്ടും പഥ്യമല്ല. പാലക്കാടൻ കാറ്റിന്റെ ഒരേയൊരു നന്മ അത് മുണ്ടകൻ പാടങ്ങളിൽനിന്ന് ചാഴിയെ തുരത്തുന്നുവെന്നതാണെന്ന് കൃഷിക്കാർ പറയും.

വൈകുന്നേരം ഉണ്ടായേക്കാവുന്ന മഴയെക്കുറിച്ചുള്ള ആശങ്കകൾ ഒഴിച്ചുനിർത്തിയാൽ, ഒരുപക്ഷേ, അട്ടപ്പാടിയിലേക്ക് യാത്രചെയ്യാവുന്ന ഏറ്റവും നല്ല ദിവസങ്ങളിൽ ഒന്നാവണമിത്. തുലാവർഷത്തിൽ കുളികഴിഞ്ഞ് വെടിപ്പായി വൃശ്ചികവെയിൽ. വനനാശകരാൽ നിരന്തരം ആക്രമിക്കപ്പെട്ടിട്ടും വീണ്ടും തളിർക്കുകയും പടരുകയും ചെയ്യുന്ന കാടിന്റെ അതിജീവനവ്യഗ്രത. ഇത് പ്രകൃതിയുടെ വശ്യവും അസ്പൃശ്യവുമായ നിഗൂഢതകളിലേക്ക് ഒരു കടന്നുകയറ്റംപോലെ ആകാംക്ഷാഭരിതമാവുന്നു.

എന്റെ കേരളം
[രവീന്ദ്രൻ]

## താരതമ്യം ചെയ്യാം

'പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ', 'അട്ടപ്പാടി'- എന്നീ യാത്രാവിവരണങ്ങളിലെ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് എഴുതുക. കാഴ്ചാനുഭവങ്ങൾ, രചനാഭംഗി, വർണ്ണനാഭംഗി എന്നിവയും പരിഗണിക്കണം.

## യാത്രാവിവരണം എഴുതാം

കാടിനെ ചെന്നുതൊട്ട അനുഭവവും കാറ്റ് നൽകിയ അനുഭൂതിയും രണ്ടു രചനകളിൽനിന്നും ലഭിച്ചല്ലോ. ഇതുപോലുള്ള യാത്രാനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടാവും. എഴുതിനോക്കൂ.

**യാത്രാവിവരണങ്ങളിൽ എന്തൊക്കെ ഉൾപ്പെടുത്താം.**

- സ്ഥലം, കാലം, സംഭവങ്ങൾ
- കാഴ്ചകൾ, ഗന്ധങ്ങൾ, ശബ്ദങ്ങൾ, ജീവികൾ
- പരിചയപ്പെട്ടവർ
- പ്രദേശത്തിന്റെ പ്രത്യേകതകൾ
- യാത്രയിലെ മാനസികാവസ്ഥ
- 
- 

## കവിതയെഴുതാം

വർണ്ണച്ചിറകുകളുള്ള പൂമ്പാറ്റകളുടെ കാഴ്ച വിഷയമാക്കി കവിത എഴുതി നോക്കൂ. കവിതകൾ ഒരു പതിപ്പാക്കി പ്രസിദ്ധീകരിക്കുമല്ലോ.

## എന്റെ സഞ്ചാരം - വ്ലോഗ്

നിങ്ങൾ നടത്തുന്ന ഒരു ലഘുയാത്രയുടെ വീഡിയോ തയ്യാറാക്കി ക്ലാസിലെ നവമാധ്യമ ഗ്രൂപ്പിൽ പങ്കുവയ്ക്കുക.

**വ്ലോഗ് തയ്യാറാക്കുമ്പോൾ**

- യാത്രയുടെ വീഡിയോ തയ്യാറാക്കണം.
- പോകുന്ന സ്ഥലങ്ങളിലെ ആകർഷകമായ കാഴ്ചകൾ ചിത്രീകരിക്കണം.
- വോയിസ് ഓവർ ഉൾപ്പെടുത്തണം.
- 

*ഒരുപാട് യാത്രചെയ്യുന്നവരാണ് നമ്മൾ.*
*അവിടെ സങ്കല്പങ്ങൾ... ഭാവനകൾ...*
*ജീവിതയാഥാർഥ്യങ്ങൾ മറികടക്കാൻ ചില സർഗാത്മകസാധ്യതകൾ...*

# നക്ഷത്രം

മഴ പെയ്തുതീർന്നു. പക്ഷേ, മാനം തെളിഞ്ഞിരുന്നില്ല. കട്ടിയായ ഇരുട്ടിൽ നക്ഷത്രങ്ങൾ തെളിഞ്ഞിരുന്നു. കുട്ടി തൊടിയിലേക്കു വിരൽചൂണ്ടി ചിരിച്ചു: "അച്ചാ, നച്ചത്രങ്ങൾ. നച്ചത്രം പറക്കുന്നു. ഹായ്, എന്തു രസം!"

അച്ഛൻ പറഞ്ഞു: "നക്ഷത്രമല്ല കുഞ്ഞേ, മിന്നാമിനുങ്ങ്. ഒരുതരം പുഴു."

കുട്ടിക്കു ബോധ്യമായില്ല. ഈ അച്ഛന് എന്തറിയാം? മഴ പെയ്തപ്പോൾ ആകാശത്തു നിന്ന നക്ഷത്രങ്ങൾ എല്ലാംകൂടെ താഴോട്ടു പോന്നതാണ്. അതല്ലേ? ദേ... മാനത്ത് ഒറ്റയെണ്ണവുമില്ലല്ലോ. കുട്ടി വാശിപിടിച്ചു.

"അല്ലച്ചാ, നച്ചത്രം. എനിക്ക് നച്ചത്രത്തിനേ വേണം." ഇതു നക്ഷത്രമല്ലെന്നും ഒരുതരം പ്രാണിയാണെന്നും പകൽ മുഴുവനും ഇലകൾക്കിടയിലും കാനകളിലും ഒളിച്ചിരുന്നശേഷം രാത്രി മിനുങ്ങി നടക്കയാണെന്നുമൊക്കെ അച്ഛൻ പറഞ്ഞുനോക്കി. പക്ഷേ, കുട്ടി കരഞ്ഞു. എത്ര പറഞ്ഞിട്ടും മനസ്സിലായില്ല. അവനു നക്ഷത്രത്തിനെ കൂടിയേ തീരൂ.

അച്ഛൻ കുട്ടിയേയുമെടുത്ത് മുറ്റത്തിറങ്ങി. കറുത്ത തുണിയിൽ വെള്ളപ്പൊട്ടുപോലെ മിന്നാമിനുങ്ങുകൾ പറന്നുനടന്നിരുന്നു. അച്ഛൻ കൈവീശി ഒന്നിനെ പിടിച്ചു. എന്നിട്ട് കുട്ടിയുടെ മൃദുലമായ കൈവെള്ളയിൽ വച്ചുകൊടുത്തു. അവന് ഇക്കിളിയായി. തണുത്തു വഴുത്ത ഒരു സാധനം കൈയിൽ ഇഴയുംപോലെ, അറപ്പും സംഭ്രമവും കലർന്ന ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അവൻ അറിയാതെ കൈകുടഞ്ഞു. നക്ഷത്രമതാ മുറ്റത്തെ റോസാച്ചെടിയുടെ തലപ്പിൽ ചെന്നിരുന്നു മിനുങ്ങുന്നു. അമ്മേടെ കാതിലെ കമ്മലുപോലെ.

കുട്ടി പിന്നെയും ചിണുങ്ങിത്തുടങ്ങി: "എനിക്ക് കമ്മലുവേണമച്ചാ, കമ്മൽ!" അവന് ഉറങ്ങാൻ നേരമായിരുന്നു. അച്ഛൻ ആ മിന്നാമിനുങ്ങിനെയെടുത്ത് ഒരു കുപ്പിയിലാക്കി



കിടപ്പറയുടെ ജനാലയിൽ വച്ചു കൊടുത്തു. അവനതു നോക്കി നോക്കിയേ കിടന്നു.

മിന്നുന്നു. മായുന്നു. പിന്നെയും മിന്നുന്നു. ങ്ങെ!... അമ്മയുടെ കമ്മൽ മിന്നുകയല്ലാതെ മായാറില്ലല്ലോ.

മിന്നാമിനുങ്ങിന്റെ ചിറകു ചിമ്മുകയും വിടരുകയും ചെയ്യുംപോലെ ക്രമേണ അവന്റെ കണ്ണുകളും ചിമ്മിനിവരാൻ തുടങ്ങി. കറുത്ത തുണിയിൽ വെള്ളപ്പൊട്ടുപോലെ ഒരായിരം മിന്നാമിനുങ്ങുകൾ തലയിൽക്കടന്നു മൂളിപ്പറക്കുന്നു. മിനുങ്ങുന്ന തല. നേർത്ത ചിറക്, നക്ഷത്രക്കണ്ണുകൾ. ഹായ്! പൂപോലെ കാറ്റിൽ പറന്നു പറന്ന് ഇങ്ങനെ പൊങ്ങാനെന്തു രസം!

കിനാവിന്റെ ചിറകുകൾ വീശിവീശി അവൻ ഉയർന്നു. മിന്നാമിനുങ്ങിന്റെയും പൂക്കളുടെയും നാട്ടിൽനിന്നു നക്ഷത്ര ങ്ങളുടെയും മഴവില്ലിന്റെയും ലോകത്തി ലേക്കു കടന്നു. അമ്മയുടെ നീലപ്പട്ടുസാരി നിവർത്തിവിരിച്ചതു പോലെയുണ്ട് ആകാശം. അവിടെയതാ ഒരു കോണിൽനിന്നും നരച്ച താടിയും ചിരിച്ച മുഖവുമുള്ള അമ്പിളിയമ്മാവൻ അരിമണികൾ എണ്ണിപ്പെറുക്കുന്നു. അങ്ങു ദൂരെ ഒരു ചുവന്ന കൊട്ടാരം.



അതിനകത്തുനിന്നു തുടുത്ത തലപ്പാവുംവച്ച് തിളങ്ങുന്ന വാളുമെടുത്ത് ഒരു രാജാവ് പടപുറപ്പെട്ടു വരികയാണ്. ഏഴുകുതിരകളെ പൂട്ടിയ തേര്. ഏഴു നിറമുള്ള വില്ല്. ഏഴുകൊടിക്കൂറകൾ. അമ്മ പറയുംപോലെ എല്ലാം ഏഴ്, ഏഴുതന്നെ. കഥകളിയിലെ ചുവന്ന താടിയുടെ വേഷംപോലെ...

കുട്ടി പെട്ടെന്നു പേടിച്ചു. അന്ന് അമ്പലപ്പറമ്പിൽ വച്ച് ഈ വേഷം കണ്ടിട്ടാണ് താൻ പേടിച്ചുകരഞ്ഞതെന്നും പനിപിടിച്ച തെന്നും ബോധംകെട്ടതെന്നും അവൻ ഓർത്തു. എത്ര സൂചിയാണ് കൈയിലും പുറത്തുമായി കുത്തിയിറക്കിയത്! എത്ര കയ്പ്പുകഷായം കുടിച്ചു! എന്നിട്ട് വിങ്ങിക്കരയുന്ന തന്നെ അമ്മ മാറോടടുക്കിപ്പിടിച്ചു മുടിയിൽ തലോടി ഉമ്മവയ്ക്കും. ഹാ! എന്തു മധുരമാണ് അമ്മയുടെ ഉമ്മയ്ക്ക്! എന്തു മിനുസം നെറ്റിയിൽ! കറുത്ത മുടികൾക്കിടയിൽ മിനുങ്ങുന്ന കമ്മൽ... നക്ഷത്രമാണോ അമ്മയുടെ കമ്മലാണോ കൂടുതൽ മിനുങ്ങുന്നത്? കുട്ടി ഓർത്തുനോക്കി. കമ്മലിനെക്കാളും നക്ഷത്രത്തിനെക്കാളും തിളങ്ങുകയായിരുന്നല്ലോ അന്നു തന്നെ ഉമ്മവച്ചപ്പോൾ അമ്മയുടെ കണ്ണുകൾ. നല്ല കറുത്ത കൺപീലികൾക്കിടയിലുള്ള മിനുങ്ങുന്ന കണ്ണുകൾ... ആ കണ്ണുകളുടെ അരികിൽനിന്നാണല്ലോ താൻ നക്ഷത്രത്തെ തേടിപ്പോന്നതെന്നോർത്തപ്പോൾ അവനു ചിരിവന്നുപോയി. ഒപ്പം ദുഃഖവും...ഓ, അമ്മയെവിടെ? തന്റെ അമ്മ?.....

ഉറക്കത്തിൽ അവൻ പുഞ്ചിരിക്കയും കരയുകയും ചെയ്തിരുന്നു. നക്ഷത്ര ങ്ങളുടെ നിറമുള്ള മിന്നാമിനുങ്ങിനെയും



അതിനേക്കാൾ നിറമുള്ള അമ്പിളിയെയും
അതിനേക്കാൾ നിറമുള്ള സൂര്യനെയും
അതിനേക്കാൾ, അതിനേക്കാൾ ഒരുപക്ഷേ,
എല്ലാറ്റിനേക്കാളും നിറമുള്ള അമ്മയുടെ
മുഖത്തെയും അവൻ സ്വപ്നം കണ്ടു...അമ്മ...
അമ്മയെവിടെ! തന്റെ അമ്മ! തനിക്ക് അമ്മയെ
കാണണമല്ലോ!

നിറങ്ങളെല്ലാം മാഞ്ഞു; ഭീകരമായ ഇരുൾ
പിന്നെയും വ്യാപിക്കുന്നു. അവൻ കരഞ്ഞു.
അമ്മേ! എന്റെ അമ്മേ..!

പെട്ടെന്ന് കുട്ടി ഞെട്ടിയുണർന്നു. ഉണർന്നപ്പോഴേ കുപ്പിയിൽ നോക്കി. നക്ഷത്രമെവിടെ? മിന്നാമിനുങ്ങെവിടെ? കുപ്പിയിൽ ഒരു വൃത്തികെട്ട പുഴു ചത്തുകിടക്കുന്നു. അതിനെ ഉറുമ്പരിക്കുന്നു. കുട്ടി അറപ്പോടെ ആർത്തുവിളിച്ചു: "അച്ഛാ, നച്ചത്രമല്ല, പുഴു. വെറും പുഴു. അതിനെയെടുത്ത് ദൂരെക്കളയൂ..."

എന്നിട്ട് അവൻ തന്റെ അമ്മയുടെ മിനുങ്ങുന്ന കണ്ണുകൾ നോക്കാൻ അടുക്കളയിലേക്ക് ഓടി.

ഓറഞ്ചുകുട്ടി
[ലളിതാംബിക അന്തർജനം]

## വായിക്കാം, അറിയാം

- മിന്നാമിനുങ്ങിനെ കണ്ട കുട്ടിയുടെ തോന്നലുകൾ എന്തെല്ലാം?
- കമ്പിളിനെക്കാളും നക്ഷത്രത്തെക്കാളും കൂടുതൽ തിളങ്ങുന്നതായി കുട്ടിക്ക് അനുഭവപ്പെടുന്നത് എന്ത്?

## സമാനപദങ്ങൾ കണ്ടെത്താം

അടിവരയിട്ട പദങ്ങൾക്ക് സമാനാർഥമുള്ള പദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എഴുതുക.

<u>സ്വപ്ന</u>ത്തിന്റെ <u>പക്ഷ</u>ങ്ങൾ വീശിവീശി അവൻ ഉയർന്നു.

<u>തൈജസകീട</u>ത്തിന്റെയും <u>പുഷ്പ</u>ങ്ങളുടെയും നാട്ടിൽ നിന്ന്

<u>താരക</u>ങ്ങളുടെയും <u>മാരിവില്ലി</u>ന്റെയും <u>ഉലക</u>ത്തിലേക്ക് കടന്നു.

കൂടുതൽ പദങ്ങൾ പാഠഭാഗങ്ങളിൽനിന്ന് പട്ടികപ്പെടുത്തി അതിനു സമാനാർഥമുള്ള പദങ്ങൾ എഴുതുമല്ലോ.

## വായിക്കാം, എഴുതാം

- “കിനാവിന്റെ ചിറകുകൾ വീശിവീശി അവൻ ഉയർന്നു.” ഈ വാക്യം സൂചിപ്പിക്കുന്ന ആശയമെന്ത്?
- കുട്ടി എത്തിച്ചേർന്ന സ്വപ്നലോകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
- സ്വപ്നലോകത്തെത്തിയ കുട്ടിക്ക് ചിരിവന്നതെന്തുകൊണ്ടാവാം?

## ചർച്ചാക്കുറിപ്പ് തയ്യാറാക്കാം

നക്ഷത്രങ്ങളുടെ ലോകത്തെവിടെയും “അമ്മയെവിടെ? തന്റെ അമ്മ?” എന്നതായിരുന്നു കുട്ടിയുടെ ചിന്ത – കുട്ടിയുടെ ഈ ചിന്തയിൽ പ്രകടമാകുന്നതെന്ത്? ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഇടരൂപങ്ങൾ തിരിച്ചറിയാം

| | | |
|---|---|---|
| ഇരുട്ട് നക്ഷത്രങ്ങൾ തെളിഞ്ഞിരുന്നു. | ഇൽ | ഇരുട്ടിൽ നക്ഷത്രങ്ങൾ തെളിഞ്ഞിരുന്നു. |
| കിനാവ് ചിറകുകൾ വീശി വീശി. | ന്റെ | കിനാവിന്റെ ചിറകുകൾ വീശി വീശി. |
| അച്ഛൻ കുട്ടി പറഞ്ഞു. | ഓട് | അച്ഛൻ കുട്ടിയോട് പറഞ്ഞു.<br>അച്ഛനോട് കുട്ടി പറഞ്ഞു. |
| | | |
| | | |

ഇടരൂപങ്ങൾ ചേർത്തും ചേർക്കാതെയും പറയുമ്പോൾ വാക്യങ്ങളിൽ വരുന്ന വ്യത്യാസമെന്ത്? ചർച്ചചെയ്യുക.

## കഥയെഴുതാം

‘നക്ഷത്രം’ എന്ന കഥയിലെ കുട്ടിയുടെ സ്വപ്നയാത്ര വായിച്ചല്ലോ. നിങ്ങൾക്കും സങ്കല്പയാത്രകൾ നടത്താം. നിങ്ങളുടെ സങ്കല്പയാത്ര കഥയായി എഴുതുക. എഴുതിയ കഥ ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തുക.

## കഥയരങ്ങ്

സ്വന്തമായി എഴുതിയ കഥകൾ അവതരിപ്പിക്കുന്ന കഥയരങ്ങ് ക്ലാസിൽ സംഘടിപ്പിക്കുക.



ഓർമ്മകളും അനുഭൂതികളും
നാളെകളെ കൂടുതൽ
പ്രകാശപൂരിതമാക്കും.
ഇന്നലെയുടെ നൊമ്പരങ്ങളെ
നാളെയുടെ നാമ്പുകളാക്കി മാറ്റാം.
കുറവുകളെ നിറവുകളാക്കാം.

# എന്നുമീ യാത്ര...

എൻ പ്രിയസ്വപ്നഭൂമിയിലൂടെ
എന്നുമീ യാത്ര ഞാൻ തുടരുന്നു.

ആദിയില്ലന്തമില്ലാ, തളർച്ച-
യേതുമില്ലാ, തുഴഞ്ഞു കേറുമ്പോൾ,

എന്റെയുള്ളിൽ പതഞ്ഞുപൊന്തുന്ന
മുന്തിരിനീരിനെന്തൊരു വീര്യം!

ഇന്നലെപ്പോയ്മറഞ്ഞവരെല്ലാം
ഇന്നുയിർത്തെഴുന്നേൽക്കുന്നിതെന്നിൽ

ഇന്നലെയവർ പാടിയ രാഗ-
സുന്ദരങ്ങളാം ഗാനങ്ങളെല്ലാം

എൻ വിപഞ്ചിതൻ തന്തികൾതോറും
ഇന്നദൃശ്യപുഷ്പങ്ങളായ് നിൽപ്പൂ.

ഒന്നു കൈവിരൽ തൊട്ടാലുളവാം
വർണ്ണമാദകമഞ്ജരീലാസ്യം!

ഇന്നലെ, ഇന്ന്, നാളെയുമെല്ലാം
എന്നിലിന്നൊരേ ബിന്ദുവായ് നിൽപ്പൂ!

നിർവൃതിയുടെ പീയുഷമൂറും
നിത്യനിർമ്മലമാമൊരു ബിന്ദു!



ഞാനതിന്റെയഗാധതലത്തിൽ
താണു, വീണ്ടുമുയർന്നു, നീന്തുന്നു!

കാലമാം മഹാമിഥ്യയെ വെന്നു,
കാണ്മൂ കാണാത്ത തീരങ്ങൾ മുന്നിൽ.

എൻ പ്രിയസ്വപ്നഭൂമിയിലൂടെ
എന്നുമീ യാത്ര ഞാൻ തുടരുന്നു!



**അഗ്നിശലഭങ്ങൾ**
**[ഒ.എൻ.വി.]**

## വരികൾ കണ്ടെത്താം

- കവി തന്റെ കാവ്യശക്തിയെക്കുറിച്ച് അഭിമാനിക്കുന്നു.
- മൺമറഞ്ഞവർ പാടിയ ഗാനങ്ങൾ അനശ്വരങ്ങളാണ്.
- കവി കാലത്തെ അതിജീവിക്കുന്ന ഭാവനാലോകത്ത് സഞ്ചരിക്കുന്നു.

ഈ ആശയങ്ങൾ വരുന്ന വരികൾ കവിതാഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.

## പ്രയോഗഭംഗി കണ്ടെത്താം

"വർണ്ണമാദകമഞ്ജരീലാസ്യം" എന്ന പ്രയോഗം കവിത നൽകുന്ന ആനന്ദത്തെയും കവിതയിലെ താളലയഭംഗിയെയും പൂർണ്ണമായ ആസ്വാദ്യതയെയും സൂചിപ്പിക്കുന്നു. ഇതുപോലെ കവിതാഭാഗത്തുനിന്ന് പ്രയോഗഭംഗി സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തി വിശദീകരിക്കുക.

## ചർച്ചചെയ്യാം, എഴുതാം

"എന്റെയുള്ളിൽ പതഞ്ഞുപൊന്തുന്ന
മുന്തിരിനീരിനെന്തൊരു വീര്യം!"

ഈ വരികളിലൂടെ കവിതാരചനയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് കവി നൽകുന്നത്? ചർച്ചചെയ്ത് കുറിപ്പെഴുതുക.

## വിശകലനം ചെയ്യാം

'എന്നുമീ യാത്ര' എന്ന കവിതയിൽ കവി ജീവിതയാത്രയെ എങ്ങനെയെല്ലാമാണ് അവതരിപ്പിച്ചിരിക്കുന്നത്? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഈണത്തിൽ ചൊല്ലാം

കവിതയ്ക്ക് ഈണവും താളവും കണ്ടെത്തി സംഘമായും ഒറ്റയ്ക്കും ചൊല്ലി അവതരിപ്പിക്കുക.

## വിശകലനം ചെയ്യാം

- "ഇന്നലെപ്പോയ്മറഞ്ഞവരെല്ലാം
  ഇന്നുയിർത്തെഴുന്നേൽക്കുന്നിതെന്നിൽ.
  ഇന്നലെയവർ പാടിയ രാഗ-
  സുന്ദരങ്ങളാം ഗാനങ്ങളെല്ലാം
  എൻ വിപഞ്ചിതൻ തന്തികൾതോറും
  ഇന്നദൃശ്യപുഷ്പങ്ങളായ് നിൽപ്പൂ".

**എന്നുമീ യാത്ര**

- "അന്നു പാടിയ പാട്ടിലൂഞ്ഞാ-
  ലാടി മലയാളം
  കൊഞ്ചലും കുറുമൊഴികളും പോയ്,
  കഥകൾ പലതോതി,
  നെഞ്ചണച്ചൊരു ഗുരു വളർത്തിയ
  കിളിമകൾ പാടി"

**എന്റെ മലയാളം**
**[ഒ.എൻ.വി.]**

ഈ രണ്ടുകാവ്യഭാഗങ്ങളിലും ആവിഷ്കരിച്ചിരിക്കുന്ന ആശയതലമെന്ത്? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

## വായനക്കുറിപ്പ് തയ്യാറാക്കാം

നിർദേശിച്ചിട്ടുള്ള പുസ്തകങ്ങൾ കണ്ടെത്തി വായിക്കുക. വായനക്കുറിപ്പ് തയ്യാറാക്കി ക്ലാസിലും സാഹിത്യസമാജം, വിദ്യാരംഗം ക്ലബ്ബ് തുടങ്ങിയവയിലും അവതരിപ്പിക്കുക.

- ഓറഞ്ചുകുട്ടി
  (ലളിതാംബിക അന്തർജനം)
- മാണിക്യക്കല്ല്
  (എം.ടി. വാസുദേവൻനായർ)



3

# മൊഴിപൊഴിയുമഴക്

വാക്കെന്റെ അമ്മയുമച്ഛനുമാകുന്നു
വാക്കിൻ വിരൽതൂങ്ങിയല്ലോ നടക്കുന്നു.

(പ്രൊഫ. വി. മധുസൂദനൻനായർ)




വാക്കുമരത്തിൽ എന്തെല്ലാം..?

ഏതൊക്കെ സാഹിത്യരൂപങ്ങളാണ് ഇതിലുള്ളത്?

ഇവയിൽ ചിലത് ക്ലാസിൽ അവതരിപ്പിക്കുക.

*വാക്കുകളുടെ നടനം*
*വരകളുടെ ലയനം*
*ഭാഷ ചിലങ്കകെട്ടുന്നു.*

# കാവ്യനർത്തകി



കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി,
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി

കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി,
കതിരുതിർപൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽത്തങ്ങി;

ഒഴുകുമുടയാടയിലൊളിയലകൾ ചിന്നി
അഴകൊരുടലാർന്നപോലങ്ങനെ മിന്നി;

മതിമോഹനശുഭനർത്തനമാടുന്നയി, മഹിതേ,
മമ മുന്നിൽ നിന്നു നീ മലയാളകവിതേ!

* * * * * * *

ആയിരം സ്വർഗങ്ങൾ സ്വപ്നവുമായെത്തി;
മായികേ, നീ നിൻ നടനം നടത്തി.

പുഞ്ചിരി പെയ്തുപെയ്താടൂ നീ, ലളിതേ,
തുഞ്ചന്റെ തത്തയെക്കൊഞ്ചിച്ച കവിതേ!

അഞ്ചിക്കുഴഞ്ഞഴിഞ്ഞാടൂ ഗുണമിളിതേ,
കുഞ്ചന്റെ തുള്ളലിൽ മണികൊട്ടിയ കവിതേ!

പലമാതിരി പലഭാഷകൾ പലഭൂഷകൾ കെട്ടി-
പ്പാടിയുമാടിയും പല ചേഷ്ടകൾ കാട്ടി,

വിഭ്രമവിഷവിത്തു വിതയ്ക്കിലും ഹൃദി മേ
വിസ്മരിക്കില്ല ഞാൻ നിന്നെസ്സുരസുഷമേ!

തവ തലമുടിയിൽനിന്നൊരു നാരുപോരും,
തരികെ,ന്നെത്തഴുകട്ടെ പെരുമയും പേരും!

പോവുന്നോ നിൻ നൃത്തം നിർത്തി നീ, ദേവി? - അയ്യോ,
പോവല്ലേ, പോവല്ലേ, പോവല്ലേ, ദേവി!

**സ്വരരാഗസുധ**
**[ചങ്ങമ്പുഴ കൃഷ്ണപിള്ള]**

## വായിക്കാം, പറയാം

- കവിയുടെ മുന്നിൽ നർത്തകിയായി വന്നിരിക്കുന്നത് ആരാണ്?
- മലയാളകവിതയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?
- കാവ്യനർത്തകി എങ്ങനെയൊക്കെയാണ് നൃത്തംചെയ്യുന്നത്?
- കവി നർത്തകിയോട് എന്തെല്ലാമാണ് അപേക്ഷിക്കുന്നത്?

## വരികൾ കണ്ടെത്താം

ആശയത്തിന് സമാനമായ വരികൾ കവിതയിൽനിന്നു കണ്ടെത്തി കളം പൂർത്തിയാക്കുക. കൂടുതൽ വരികളും അവയുടെ ആശയങ്ങളും കണ്ടെത്തി എഴുതുമല്ലോ.

| നം. | ആശയം | സമാനവരികൾ |
|---|---|---|
| 1 | മലയാളഭാഷയിലെ ഏത് നേരിയ സ്വരവും കവിക്ക് പെരുമയും പേരും നൽകാൻ പോരുന്നതാണ്. | |
| 2 | ഹൃദയത്തിൽ സംഘർഷം നിറയ്ക്കുന്നുണ്ടെങ്കിലും നിന്നെ ഞാൻ ഒരിക്കലും മറക്കുകയില്ല. | |
| 3 | | |
| 4 | | |

## ഈണത്തിൽ ചൊല്ലാം

കവിതയ്ക്ക് ഉചിതമായ ഈണം നൽകി ഒറ്റയ്ക്കും സംഘമായും ചൊല്ലുക.

## പദക്കിലുക്കം കേൾക്കാം

"കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി"

കിലുങ്ങിക്കിലുങ്ങി..........
കുലുങ്ങിക്കുലുങ്ങി.........

ഇതുപോലെ ശബ്ദങ്ങളുടെ ആവർത്തനംകൊണ്ട് കൂടുതൽ മനോഹരങ്ങളായ പദങ്ങളും വരികളും കവിതയിൽനിന്ന് കണ്ടെത്തി ചൊല്ലുക.

## വിശേഷണങ്ങൾ ചേർക്കാം

ചിലങ്കയെ കനകച്ചിലങ്കയെന്നും കാഞ്ചിയെ കാഞ്ചനകാഞ്ചിയെന്നും കവി വിശേഷിപ്പിക്കുന്നു. ഇത്തരം വിശേഷണങ്ങൾ ചേർന്ന പ്രയോഗങ്ങൾ കവിതയിൽ ഇനിയുമേറെയുണ്ട്. കണ്ടെത്തി എഴുതുക.

വിശേഷണങ്ങൾ ചേർത്തുപറയുമ്പോൾ പദങ്ങൾക്കുണ്ടാവുന്ന പ്രത്യേകതകൾ എന്തെല്ലാം?

## ചർച്ചചെയ്യാം, എഴുതാം

"പലമാതിരി പലഭാഷകൾ പലഭൂഷകൾ കെട്ടി
പാടിയുമാടിയും പല ചേഷ്ടകൾ കാട്ടി
വിഭ്രമവിഷവിത്തു വിതയ്ക്കിലും ഹൃദി മേ
വിസ്മരിക്കില്ല ഞാൻ നിന്നെസ്സുരസുഷമേ."

ഈ വരികളിൽ മലയാളകവിതയോടുള്ള കവിയുടെ താൽപര്യം എത്രത്തോളം പ്രകടമാകുന്നുണ്ട്? ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## കണ്ടെത്താം, ശേഖരിക്കാം

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ"

[വള്ളത്തോൾ നാരായണമേനോൻ]

ഇതുപോലെ മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കൂടുതൽ വരികൾ കണ്ടെത്തി ശേഖരണപുസ്തകത്തിൽ ഉൾപ്പെടുത്തുക. മാതൃഭാഷാദിനത്തിലും ഭാഷോത്സവത്തിലും കവിതകൾ ചൊല്ലി അവതരിപ്പിക്കുമല്ലോ.

*വാമൊഴി... വരമൊഴി... തിരമൊഴി...*
*വാക്കിന്റെ വിവിധ രൂപങ്ങൾ.*
*വാക്കുകൾ ഭാഷയ്ക്ക് കരുത്തും വൈവിധ്യവും നൽകുന്നു.*

# വാക്ക്

“ആരാ ആ ആനപ്പൊറത്തു പോണത്, ഒന്നെറങ്ങി ഇത്രടം വര്വാ.”

ആനപ്പുറത്തു പോകുന്ന ആൾ ഇറങ്ങിച്ചെന്നപ്പോൾ നമ്പൂരി ചോദിച്ചു:
“അസാരം ചുണ്ണാമ്പ്ണ്ടോ എട്ക്കാൻ. നോൻ ഇല്ലത്ത്ന്ന് പൊറപ്പെടുമ്പോ ചുണ്ണാമ്പിന്റെ കാര്യങ്ങടസ്ഥാളിച്ചു.”

ആനക്കാരനു കലശലായ കോപമുണ്ടായെങ്കിലും നമ്പൂരിക്കു ചുണ്ണാമ്പു കൊടുത്തു. എന്നിട്ട് വീണ്ടും ആനപ്പുറത്തു കേറി പോവുകയും ചെയ്തു.

സംശായീലോ... ചോദിക്കാർന്നു... ചോദിച്ചളയാം.

നമ്പൂരിയുടെ ശങ്ക തീർത്തപ്പോഴേക്കും ആന കുറച്ചകലെ എത്തിക്കഴിഞ്ഞിരുന്നു. അതിനാൽ ആനയുടെ പിന്നാലെ “ആനക്കാരാ.... ആനക്കാരാ....” എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ട് ഓടിച്ചെന്നു. ഇതെന്തുപദ്രവമെന്നു പിറുപിറുത്തുകൊണ്ട് ആനക്കാരൻ ആനപ്പുറത്തിരുന്നുകൊണ്ടുതന്നെ ഒന്നു തിരിഞ്ഞുനോക്കി.

“ആനക്കാരാ, യ് ആനേങ്ങാട് തര്വോ?”
തിരുമേനിക്കെന്താ പ്രാന്തുണ്ടോ എന്ന് ആനക്കാരൻ ഇങ്ങോട്ടു ചോദിക്കാൻ



തുടങ്ങുന്നതിനു മുമ്പുതന്നെ നമ്പൂരി വീണ്ടും പറഞ്ഞു:
“അല്ല, വെഷമാണെങ്കില് വേണ്ടേനും. ചുണ്ണാമ്പു ചോദിച്ചപ്പോ ഒരു മടീം കൂടാണ്ടെ തന്നു, ആ നെലയ്ക്ക് ആനേ ചോദിച്ചാലും തരേര്ക്ക്യോന്ന് ഒരു തോന്നല്. സംശംവെച്ചുണ്ടിരിക്കണ്ടലോ. ഒരു വാക്കല്ലേ ചെലവാക്കണ്ടൂ. കിട്ടണെങ്കില് ഒരാനെ കിട്ട്യേംചെയ്യും. ന്ന്ച്ചട്ട് ചോദിക്യേ്. നെന്റെ മുഖം കണ്ടപ്പോ നിശ്ചായി, കിട്ടില്യാന്ന്, ഇനി നെനക്ക് പൂവ്വാം.”

ആയാലൊരാന, പോയാലൊരു വാക്ക് എന്ന് കാര്യമായിത്തന്നെ കരുതി കണ്ടതിനൊക്കെ കൈനീട്ടി ഇരക്കുന്നവരെ കളിയാക്കിക്കൊണ്ടുള്ള ഈ നമ്പൂരിക്കഥയിൽ കാര്യമായ മറ്റൊരു കാര്യംകൂടി അടങ്ങിയിട്ടുള്ളതുകൊണ്ടാണ് ഞാനിതിവിടെ പറഞ്ഞത്. വാക്കല്ലേ, വില വേണ്ടാത്തതല്ലേ, നഷ്ടമൊന്നും പറ്റാനില്ലല്ലോ, കണ്ടമാനം ചെലവാക്കിക്കളയാം എന്ന് വാക്കിനെക്കുറിച്ച് ഒരു വിലയില്ലായയുണ്ട് പലർക്കും. അതു ശരിയല്ല. വാക്കിനുള്ളത്ര വില മറ്റൊന്നിനുമില്ല. മാത്രമല്ല, മറ്റുള്ള എല്ലാറ്റിനെയും വിലയുള്ളതാക്കുന്നതും വിലയില്ലാത്തതാക്കുന്നതും വാക്കാണ്. അതിനാൽ വിലയില്ലാതെ വേണ്ടാത്തിടത്തു വിളമ്പാനുള്ളതല്ല വാക്ക്.

ആയിരം നേടാനും ആയിരം നശിക്കാനും വാക്കൊന്നു മതി. അതിനാൽ ആക്കം നോക്കി, തൂക്കിനോക്കി വേണം വാക്കുപയോഗിക്കാൻ.

നാക്കുണ്ടെങ്കിൽ തൂക്കുകയില്ല എന്നുതന്നെയല്ലേ, നാക്കുള്ളവനു നാട്ടിൽപാതി കിട്ടുകയും ചെയ്യും. മാത്രമോ, നാക്കിനെ വെന്നാലെല്ലാം വെല്ലാം.

നാക്കുകൊണ്ടാണ് ആളുകൾ ആളുകളെ തൂക്കിനോക്കുന്നത്. അതിനാൽ സമയം നോക്കി, സന്ദർഭം നോക്കി, ചോദിക്കുന്നവനെ നോക്കി, കേൾക്കുന്നവനെ നോക്കി വേണം പറയുന്നവൻ പറയാൻ.

പറഞ്ഞ വാക്ക് പിന്നെ ആന വലിച്ചാലും പോരില്ല. അതിനാൽ പിൻവലിക്കേണ്ടിവരാത്ത വാക്കേ പറയാവൂ. എറിഞ്ഞ കല്ലും പറഞ്ഞ വാക്കും ഒരുപോലെയാണ്. രണ്ടും ലക്ഷ്യത്തിലല്ലെങ്കിൽ എവിടെയെങ്കിലും എങ്ങനെയെങ്കിലും ചെന്നുകൊള്ളും നിശ്ചയം. ഞാൻ പറഞ്ഞതു തനിക്കു പിടിച്ചില്ലെങ്കിൽ ഇങ്ങോട്ടു മടക്കിയെടുത്തു എന്നു പലരും പറയാറുള്ളതിൽനിന്നുതന്നെ വാക്കിന്റെ ഈ സ്വഭാവം വ്യക്തമാണല്ലോ. നാക്കിൽനിന്നു വന്ന വാക്ക് നിഷ്ഫലമാകയില്ല; ഒരിക്കലും, ഒരാളുടെയും.

വാക്കു വാക്കാണെങ്കിൽ നോക്കൂ ദൂരെ. അത്രയ്ക്കുണ്ടു വാക്കിന്റെ ഊക്ക്. നിഗ്രഹാനുഗ്രഹ ശക്തിയുള്ളതാണു വാക്ക്. താപസന്മാരുടേതു മാത്രമല്ല, താമസന്മാരുടേയും. താപസന്മാരുടെ വാക്കു മറ്റുള്ളവരെ നിഗ്രഹിക്കുന്നു, അനുഗ്രഹിക്കുന്നു; താമസന്മാരുടേത് അവരെത്തന്നെ നിഗ്രഹിക്കുന്നു. ഇത്രമാത്രമേ വ്യത്യാസമുള്ളൂ.

വാക്കിനു വാക്കു വേണ്ട - നല്ല വാക്കിനു വ്യാഖ്യാനം വേണ്ട എന്നർഥം. മറ്റൊരർഥം കൂടിയുണ്ട്. മഹാന്മാരുടെ വാക്ക് പറഞ്ഞുപരത്താതെതന്നെ വേണ്ട ദിക്കിലെല്ലാം വേണ്ടത്ര വേഗത്തിൽ വേണ്ടത്ര കാലം പ്രചരിച്ചുകൊള്ളും.

ആയിരം വാക്കിന് അരച്ചെത്ത് എന്നു പറയാറുണ്ട്. അതു വായാടികളുടെ വെറും വാക്കുകളെക്കുറിച്ചുള്ള ചൊല്ലാണ്. അത്തരക്കാരുടെ ആയിരം വാക്ക് അരപ്പലം പോലും തൂങ്ങില്ല. വാഗ്മിയുടെ വാക്കിന് ഈ പഴഞ്ചൊല്ലും ബാധകമല്ല.

ആളുവില കല്ലുവില. അതുതന്നെയാണു വാക്കിന്റെയും നില. നാക്കുവില വാക്കുവില. ഈ ഞാൻ സുവർണ്ണലിപികളിലെഴുതി ചില്ലിട്ടു വയ്ക്കത്തക്ക പലപല നല്ലനല്ല വാക്കുകൾ മൈക്കിനു മുമ്പിൽ നിന്ന് മഹാസദസ്സിനെ നോക്കി ഭംഗിയായി പറയാറുണ്ട്. ആരും കേൾക്കാറില്ല. കുഞ്ഞുണ്ണിമാഷ് ഇങ്ങനെ പറഞ്ഞിരിക്കുന്നുവെന്ന് ആരും ഒരിക്കലും ആരോടും പ്രമാണമാക്കി പറയുന്നതായി ഞാൻ ഇന്നേവരെ കേൾക്കുകയുണ്ടായിട്ടില്ല. എന്റെ വാക്കുകൾ എന്റെ കാതുകൾ കേട്ട വാക്കുകളാണ്. എന്റെ നാക്കുപറഞ്ഞ വാക്കുകളാണ്. ഞാനുമായി ആ വാക്കുകൾക്കു രക്തബന്ധമില്ല.

എന്റെ വാക്ക് എന്റെ മകനാണ് എന്ന് എല്ലാവർക്കുമറിയാം. അച്ഛനാണ് എന്ന് പലർക്കുമറിഞ്ഞുകൂടാ. (എന്റെ വാക്കെനിക്കച്ഛൻ), വാക്കിനോളം തൂക്കമില്ലിയൂക്കൻ ഭൂമിക്കുപോലുമേ എന്ന വാക്യത്തിന്റെ വെളിച്ചമുൾക്കൊള്ളുന്നവരും ചുരുക്കമാണ്.

അവസാനമായി ഞാനെന്നോടുതന്നെ ഒരു വാക്ക്:
എന്റെ വാക്കേ ഞാൻ കേൾക്കൂ.

**കുഞ്ഞുണ്ണിമാഷും കുട്ട്യോളും**
**[കുഞ്ഞുണ്ണി]**

## കണ്ടെത്താം, എഴുതാം

- "സംശായീലോ...ചോദിക്കാർന്നു...ചോദിച്ചളയാം"
  നമ്പൂരി ചോദിച്ചത് എന്തായിരുന്നു?
- "കണ്ടമാനം ചെലവാക്കിക്കളയാം. ഒരു വിലയില്ലായയുണ്ട് പലർക്കും."
  ഇവിടെ വിലയില്ലാത്തതായി സൂചിപ്പിക്കുന്നത് എന്താണ്?
- "വാക്കിനു വാക്കു വേണ്ട"– ഈ പ്രയോഗത്തിലൂടെ ലേഖകൻ വ്യക്തമാക്കുന്നതെന്ത്?

## പൊരുൾ കണ്ടെത്താം

- "വാക്കിനോളം തൂക്കമില്ലീയൂക്കൻ ഭൂമിക്കുപോലുമേ"

  ഈ ചൊല്ലിന്റെ പൊരുൾ കണ്ടെത്തി വിശദീകരിക്കുക. ഇതുപോലെ വാക്കിനെക്കുറിച്ചുള്ള കൂടുതൽ ചൊല്ലുകൾ കണ്ടെത്തി പൊരുൾ എഴുതുക.

## അനുഭവം പങ്കുവയ്ക്കാം

വാക്ക് പലവിധത്തിൽ ഉപയോഗിക്കാം. വാക്കുകൾ എപ്പോഴെങ്കിലും നിങ്ങളെ സങ്കടപ്പെടുത്തുകയോ സന്തോഷിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ? അനുഭവങ്ങൾ ഓർമ്മിച്ച് പറയുക. ഒരു ഓർമ്മക്കുറിപ്പ് തയ്യാറാക്കുക.

## സങ്കല്പിക്കാം, കഥയെഴുതാം

നമ്പൂരിയുടെ ചോദ്യംകേട്ട് പാപ്പാൻ ആനയെ കൊടുത്തിരുന്നെങ്കിൽ... കഥയായി എഴുതി പൂർത്തിയാക്കുക. കഥയെഴുതുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കുമല്ലോ.

- കഥയുടെ ഗതിമാറ്റം
- കഥാസന്ദർഭത്തിന്റെ വളർച്ച
- കഥാപാത്രത്തിന്റെ മനോഭാവത്തിലും സംഭാഷണത്തിലും വരുന്ന മാറ്റം

**കഥകൾ ചേർത്ത് പതിപ്പ് തയ്യാറാക്കുക.**

## കാർട്ടൂൺ വരയ്ക്കാം

ആനയെ നമ്പൂരിക്ക് കിട്ടി എന്നു കരുതുക. തുടർന്നുള്ള സന്ദർഭങ്ങൾ സങ്കല്പിച്ച് കാർട്ടൂൺ വരയ്ക്കുക.

## പ്രഭാഷണം തയ്യാറാക്കാം

ഏറെ ശക്തിയുള്ളതാണ് വാക്ക്. വാക്കുകൾമൂലം സമൂഹത്തിൽ ഇന്ന് വിവാദങ്ങളും ഉണ്ടാകാറുണ്ട്.

"വാക്കെന്റെ അമ്മയുമച്ഛനുമാകുന്നു.
വാക്കിൻ വിരൽതൂങ്ങിയല്ലോ നടക്കുന്നു!"

യൂണിറ്റിന്റെ തുടക്കത്തിൽ നൽകിയിട്ടുള്ള ഈ കാവ്യഭാഗത്തിന്റെ ആശയം ചർച്ച ചെയ്യുക.

സമകാലിക സാമൂഹിക വിഷയങ്ങളെക്കൂടി മനസ്സിലാക്കി, കാവ്യഭാഗത്തെ ആശയവും ഉൾക്കൊണ്ട് 'വാക്കിന്റെ കരുത്ത്' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കി അവതരിപ്പിക്കുക.

## കണ്ടെത്താം, വ്യാഖ്യാനിക്കാം

| ശൈലി | വ്യാഖ്യാനം |
|---|---|
| പമ്പരം ചുറ്റിക്കുക | അതിയായി വിഷമിപ്പിക്കുക |
| | |

| പഴഞ്ചൊല്ല് | വ്യാഖ്യാനം |
|---|---|
| വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും | അസാധ്യമായിട്ടൊന്നുമില്ല |
| | |

- കൂടുതൽ ശൈലികളും പഴഞ്ചൊല്ലുകളും ശേഖരിച്ച് വ്യാഖ്യാനങ്ങൾ എഴുതുക.

## ഞാൻ ഇങ്ങനെ പറയും

- ഈ പാഠഭാഗത്തുള്ള കഥാപാത്രങ്ങൾ സംഭാഷണത്തിൽ ഉപയോഗിക്കുന്ന ഭാഷ കണ്ടല്ലോ? ഇത് നിങ്ങളുടെ നാട്ടിൽ എങ്ങനെ പറയും? ഇത്തരം പ്രയോഗങ്ങൾ എഴുതി പദച്ചങ്ങല പൂർത്തിയാക്കൂ.

| | | |
|---|---|---|
| ഇത്രടം വരാ! | ഈട വാ | ങ്ങട്ട്വായോ |
| ചോദിക്കാർന്നു | | |
| പൂവ്വാം | | |

## ഭാഷാഭേദങ്ങൾ തിരിച്ചറിയാം

എല്ലാവരും എല്ലാ നാട്ടിലും സംസാരിക്കുന്നത് ഒരുപോലെയാണോ? വായിച്ചു നോക്കുക.

| | |
|---|---|
| മൂത്താപ്പയുടെ ചില രീതികൾ നല്ല രസമാണ്. ആ വീട്ടിൽ ചെന്ന ദിവസം തന്നെ ഫോൺ ചൂണ്ടിക്കാട്ടി എന്നോട് ചോദിച്ചു:<br>“ദെന്താന്നറിയോ അനക്ക്?”<br>“ഫോണാണ്”<br>“എന്തിന്ള്ളതാ?”<br>“വർത്താനം പറയാൻ”<br>“ആര്ക്ക് വർത്താനം പറയാൻ?”<br>ഞാൻ മിണ്ടിയില്ല.<br>മൂപ്പർ വിസ്തരിച്ചു:<br>“ഇനിക്ക് വർത്താനംപറയാൻ, അനക്കല്ല. ഇതിന്റെ നമ്പറൊന്നും അന്റെ ലോഗ്യക്കാർക്ക് കൊടുക്കണ്ട. ഈ ഫോണിൽ യ്യി ആരേം അങ്ങോട്ട് വിളിക്കാൻ പാടില്ല, അന്നെ ആരും ഇങ്ങോട്ടും വിളിക്കാൻ പാടില്ല, തിരിഞ്ഞോ.?”<br>“ങ്ആ”<br>**കാരശ്ശേരിയിലെ കിസ്സകൾ**<br>**[എം. എൻ. കാരശ്ശേരി]** | ലൂസി കുളികഴിഞ്ഞ് ബ്രിജിത്തയുടെ അരികിലൂടെ കടന്നുപോയി.<br>ബ്രിജിത്ത വടിയെടുത്ത് അവളെ തടഞ്ഞുനിറുത്തി.<br>“നീയ് പിന്നിം വാസനസോപ്പ് വാങ്ങി.. അല്ലേരീ?”<br>ലൂസി ചിരിച്ചു.<br>“കാശ് എവിട്ന്ന്ണ്ടീ?”<br>ലൂസി ചിരിച്ചു.<br>“മൊട്ട കട്ടു ല്ലേ?”<br>ലൂസി ചിരിച്ചു.<br>കോഴിക്കാട്ടം, ചാണം, ആട്ടിൻമൂത്രം ഇതിന്റെയൊക്കെ നാറ്റം പൂവാൻ ലൂസി പിന്നെ എന്തൂട്ടാ ചിയ്യാ!<br>**മാറ്റാത്തി**<br>**[സാറാ ജോസഫ്]** |

ഈ രണ്ടു കഥാഭാഗങ്ങളിലെ സംഭാഷണങ്ങൾ വായിച്ച് പ്രത്യേകതകൾ കണ്ടെത്തുക. മറ്റു സ്ഥലങ്ങളിലെ പ്രാദേശിക ഭാഷാഭേദങ്ങൾ കൂടി മനസ്സിലാക്കി 'മലയാളഭാഷയിലെ ഭാഷാഭേദങ്ങൾ' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുക.

## ഫലിതപരിഹാസങ്ങൾ കണ്ടെത്താം

- "ചുണ്ണാമ്പു ചോദിച്ചപ്പോ ഒരു മടീം കൂടാണ്ടേ തന്നു. ആ നിലയ്ക്ക് ആനേ ചോദിച്ചാലും തരേര്ക്ക്യോന്ന് ഒരു തോന്നല്."- സന്ദർഭോചിതമായി വാക്ക് പ്രയോഗിക്കുമ്പോഴാണ് ഫലിതവും പരിഹാസവും ഭാഷയിൽ ഉടലെടുക്കുന്നത്. ഇത്തരം ഒട്ടേറെ സന്ദർഭങ്ങൾ പാഠഭാഗത്തുണ്ടല്ലോ. കണ്ടെത്തി പട്ടികപ്പെടുത്തുക.

## വായിക്കാം, എഴുതിനോക്കാം

### കിണറ്റിൻകരയിലെ കുട്ടി

വടക്കുംപുറത്തെ അടുക്കളയരികിലെ ചെമ്പരത്തിക്കാടുകൾക്കരികിലെ കിണറ്. പടർന്നു പന്തലിച്ചുതുടങ്ങിയ മാവ് കാരുണ്യപൂർവം നീട്ടിയ തണൽപുതച്ച് ആലസ്യംപൂണ്ടുകിടക്കുന്ന കിണറ്. അതിനരികിലാണ് എന്റെ താവളം.

കിണർഭിത്തിയിൽ ചാരി, കാൽനീട്ടി മണ്ണിലിരിക്കുമ്പോൾ ഭൂമി മുഴുവനും സ്വപ്നലോകമാകും.

കിണറ്റിനുള്ളിലുമുണ്ട് സ്വപ്നസദൃശമായ മറ്റൊരു ലോകം. അവിടെ വലകെട്ടി, നേർത്തുനീണ്ട കാലുള്ള എട്ടുകാലി പോലുള്ള ചില ജീവികൾ താമസിക്കുന്നത് നോക്കി എത്രനേരം വേണമെങ്കിലും ഇരിക്കാം. ഒരു മാവില വലയിൽ വീണാൽ, ആകാശം ഇടിഞ്ഞുവീണതുപോലെ ആ ജീവികൾ നെട്ടോട്ടമോടും. ഒരു മൂലയിൽ പതുങ്ങിയിരിക്കും. നേരമെറിച്ച്, വീണതൊരു ഈച്ചയാണെങ്കിൽ, മഞ്ഞുവീണും വെയിലേറ്റും തിളങ്ങുന്ന നൂൽവലയിലൂടെ നൃത്തം ചെയ്തുചെയ്തുവന്ന് അതിനെ നുണഞ്ഞിറക്കും.

വെയിലിന് ഇളം ചൂടുപിടിക്കുന്ന നേരം, കിണറ്റിനുള്ളിലേക്ക് മറ്റൊരുകൂട്ടം വിരുന്നുകാർ വരും – തുമ്പികൾ. പോക്കുവെയിലിന്റെ നിറത്തിൽ, പൂവിതളുകളുടെ ആകൃതിയിൽ അവിടവിടെ കറുത്ത പൊട്ടുകൾ ഉള്ള സുതാര്യച്ചിറകുകളുമായി സുന്ദരിത്തുമ്പികൾ. പലവിതാനത്തിൽ ക്രമമില്ലാതെ അവ കിണറ്റിനുള്ളിൽ പറന്നുനടക്കും.

**പ്രണയപർവം ചില ഏടുകൾ**
**[പ്രിയ എ. എസ്.]**

"പടർന്നുപന്തലിച്ചുതുടങ്ങിയ മാവ്, തണൽ പുതച്ച് ആലസ്യം പൂണ്ടുകിടക്കുന്ന കിണറ്"- എത്ര മനോഹരമായാണ് ഇവിടെ കാഴ്ചകൾ അവതരിപ്പിച്ചിരിക്കുന്നത്! നിങ്ങളും ഇതുപോലെ കാഴ്ചകൾ ആസ്വദിക്കാറില്ലേ? ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു കാഴ്ച കാവ്യാത്മകമായി എഴുതുക. ക്ലാസ്തല നവമാധ്യമഗ്രൂപ്പിൽ പങ്കുവയ്ക്കുക.

*എഴുത്തോലയിൽ നിന്നും*
*വാക്കുകൾ കുതിക്കുന്നു.*
*ആനകളായി... കുതിരകളായി... പടയാളികളായി...*

# പടക്കളത്തിലേക്ക്



പൊന്നണിഞ്ഞാനകൾ മുൾത്തടി കൈക്കൊണ്ടു
പൊന്നിന്മലകൾ നടക്കുന്നതുപോലെ.
വെള്ളത്തിലെ തിര തള്ളുന്നതുപോലെ
തുള്ളിക്കളിക്കുന്ന വെള്ളക്കുതിരകൾ.
മുമ്പിൽ കളിക്കുന്ന കാലാൾപ്പടകളും
വമ്പോടലറും പടഹവും ഭേരിയും.
വൻകടൽപോലെ പരന്നിതു വമ്പട
ഹുങ്കാരമോടുമടുക്കുന്നതു നേരം.
ദിക്കുകളൊക്കെ മറഞ്ഞു പൊടികൊണ്ടു
ചക്രംതിരിഞ്ഞിതു കൗരവസൈന്യവും

വില്ലാളിവീരനാം ദ്രോണരതു കണ്ടു

"നില്ലാ പട നമുക്കെന്നുറച്ചീടിനാൻ.

ചൊല്ലിനാൻ മറ്റുള്ളവരോടിതു കാൺക

നല്ല വരവു ഭയങ്കരമെത്രയും

എല്ലാവരുമൊരുമിച്ചു നിന്നീടുവിൻ

നല്ല ഗജങ്ങളെ മുമ്പിൽ നിർത്തീടുവിൻ

വല്ലാതെ ധൂളിപ്പടയകറ്റീടുവിൻ

വല്ലഭമുള്ളവരൊന്നിച്ചു കൂടുവിൻ."

ഇത്തരം ചൊല്ലിയുറച്ചു ഭരദ്വാജ-

പുത്രനാം ദ്രോണരുറപ്പിച്ചു നിർത്തിനാൻ.

**മഹാഭാരതം കിളിപ്പാട്ട് - ദ്രോണപർവം**
**[എഴുത്തച്ഛൻ]**

## വായിക്കാം, കണ്ടെത്താം

- വെള്ളക്കുതിരകളെ ഈ കാവ്യഭാഗത്ത് എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
- യുദ്ധസന്നാഹത്തെ എങ്ങനെയൊക്കെയാണ് വർണ്ണിച്ചിരിക്കുന്നത്?
- കൗരവപ്പടയ്ക്ക് ദ്രോണർ നൽകുന്ന നിർദേശങ്ങൾ എന്തെല്ലാം?

## ആവർത്തനഭംഗി ആസ്വദിക്കാം

"വെള്ളത്തിലെ തിര തള്ളുന്നതുപോലെ
തുള്ളിക്കളിക്കുന്ന വെള്ളക്കുതിരകൾ"

ആവർത്തിച്ചു വരുന്ന പദങ്ങളും അക്ഷരങ്ങളും ഈ വരികൾക്ക് എത്രത്തോളം സൗന്ദര്യം നൽകുന്നു?

ഇതുപോലെ ഈ കവിതാഭാഗത്ത് ആവർത്തനഭംഗി നൽകുന്ന പ്രയോഗങ്ങളുള്ള വരികൾ കണ്ടെത്തി എഴുതുക.

## തത്സമയവിവരണം തയ്യാറാക്കാം

കുരുക്ഷേത്രയുദ്ധഭൂമിയിൽ നിങ്ങൾ വാർത്താറിപ്പോർട്ടർ ആയി എത്തിയിരിക്കുന്നു എന്ന് സങ്കല്പിക്കുക. അവിടെ നടക്കുന്ന കാര്യങ്ങൾ തത്സമയം റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ അവതരിപ്പിക്കുക.

## യുദ്ധവിരുദ്ധറാലി സംഘടിപ്പിക്കാം

കുരുക്ഷേത്രയുദ്ധത്തെയാണ് എഴുത്തച്ഛൻ വർണ്ണിച്ചിരിക്കുന്നത്. മനുഷ്യരാശിക്ക് ഭീഷണി ഉയർത്തുന്ന യുദ്ധങ്ങൾ ഇന്നും നടക്കുന്നു. ഇതിനെതിരെ യുദ്ധവിരുദ്ധറാലി സംഘടിപ്പിക്കുക. ഇതിനായി പോസ്റ്ററുകളും പ്ലക്കാർഡുകളും മുദ്രാഗീതങ്ങളും തയ്യാറാക്കുക. ക്ലാസ്/സ്കൂൾ തല നവമാധ്യമഗ്രൂപ്പുകളിൽ അവ പങ്കുവയ്ക്കുക.

## സവിശേഷതകൾ കണ്ടെത്താം

- "ഭർത്താവേ കണ്ടീലയോ കനകമയമൃഗ-
  മെത്രയും ചിത്രം ചിത്രം രത്നഭൂഷിതമിദം
  പേടിയില്ലിതിനേതുമെത്രയുമടുത്തുവ-
  ന്നീടുന്നു മെരുക്കമുണ്ടെത്രയുമെന്നുതോന്നും"

(അധ്യാത്മരാമായണം)

- "നല്ല മരതകക്കല്ലിനോടൊത്തൊരു
  കല്യാണരൂപൻ കുമാരൻ മനോഹരൻ
  ചൊല്ലെഴുമർജുനൻ തന്റെ തിരുമകൻ
  വല്ലവീ വല്ലഭാ! നിന്റെ മരുമകൻ"

(മഹാഭാരതം കിളിപ്പാട്ട്)

മുകളിൽ കൊടുത്തിരിക്കുന്ന കവിതാഭാഗങ്ങളും പാഠഭാഗവും മുൻനിർത്തി എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- പദപ്രയോഗഭംഗി
- താളഭംഗി
- ആശയവ്യക്തത
- ഭാഷ
- 

## ഉപന്യാസം എഴുതാം

'മാതൃഭാഷയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക. ഈ യൂണിറ്റിലെ പാഠഭാഗങ്ങളിലെ ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

## ഭാഷോത്സവം സംഘടിപ്പിക്കാം

**മുന്നൊരുക്കങ്ങൾ**
- ആസൂത്രണം
- നോട്ടീസ്
- പോസ്റ്റർ
- ബ്രോഷർ
- ക്ഷണക്കത്ത്
-
-

**കാര്യപരിപാടികൾ**
- സെമിനാർ - വിഷയം - മലയാളഭാഷയിലെ കാവ്യഭംഗി
- കാവ്യസദസ്സ്
- പതിപ്പുപ്രകാശനം
-
-

ഭാഷോത്സവത്തിന് ഓൺലൈൻ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുക.

### ഭാഷോത്സവപ്പതിപ്പിൽ എന്തെല്ലാം



- എഴുതിയ കഥകൾ
- അനുഭവക്കുറിപ്പുകൾ
- കാർട്ടൂണുകൾ
- ഉപന്യാസം
- ശേഖരിച്ച കവിതകൾ
- ശേഖരിച്ച ശൈലികൾ, ചൊല്ലുകൾ
- ..............................................

## പദപരിചയം

| | | |
|---|---|---|
| അഗാധം | - | ആഴമുള്ള |
| അജ്ഞേയം | - | അറിയാൻ സാധിക്കാത്തത് |
| അഞ്ചിക്കുഴയുക | - | നാണിച്ചുപോവുക |
| അദൃശ്യം | - | കാണാനാവാത്തത് |
| അനഭിമതം | - | ഇഷ്ടമില്ലാത്തത് |
| അനിർവചനീയം | - | വിവരിക്കാനാവാത്തത്, നിർവചിക്കാനാവാത്തത് |
| അന്തം | - | അവസാനം |
| അന്ധാളിക്കുക | - | പരിഭ്രമംകൊണ്ട് മറന്നുപോകുക |
| അന്നം | - | ആഹാരം, അരയന്നം (നാ.) |
| അരച്ചെത്ത് | - | ഒരളവ് |
| അരപ്പലം | - | ഒരളവ് |
| അല | - | സമുദ്രത്തിലെ തിര, ഓളം, കല്ലോലം (പ.) |
| അഴക് | - | ഭംഗി, സൗന്ദര്യം, ലാവണ്യം (പ.) |
| അസാരം | - | അല്പം |
| അസ്പൃശ്യം | - | തൊടാൻ പാടില്ലാത്തത് |
| ആച്ഛാദനശൂന്യം | - | മറവില്ലാത്തത്, തുറസ്സായത് (നാ.) |
| ആട | - | വസ്ത്രം |
| ആരാൽ | - | അകലെ, അടുത്ത് (നാ.) |
| ആഴി | - | കടൽ, സമുദ്രം, സാഗരം (പ.) |
| ആശ്ലേഷം | - | കെട്ടിപ്പിടിത്തം |
| ഇത്രടം | - | ഇവിടംവരെ |
| ഇലച്ചാർത്ത് | - | ഇലകളുടെ കൂട്ടം |
| ഈറൻ | - | നനഞ്ഞത് |
| ഉടയാട | - | വസ്ത്രം |
| ഉടൽ | - | ശരീരം, കായം, മേനി (പ.) |
| ഉരുമ്മുക | - | ഉരസുക |
| ഉരുവിടുക | - | പറയുക |
| ഉറവെടുക്കുക | - | ഉദ്ഭവിക്കുക |
| അംബരം | - | ആകാശം, വസ്ത്രം (നാ.) |

| | | |
|---|---|---|
| അംബരാന്തം | - | ആകാശത്തിന്റെ അറ്റം |
| ഊക്ക് | - | ശക്തി |
| ഒളി | - | ശോഭ, ഭംഗി (പ.) |
| കടമിഴി | - | കണ്ണിന്റെ അറ്റം |
| കണ്ണീർച്ചോല | - | കണ്ണീരിന്റെ ഒഴുക്ക് |
| കലശലായ | - | വളരെ കൂടുതലായ |
| കാഞ്ചനം | - | സ്വർണ്ണം |
| കാഞ്ചി | - | അരഞ്ഞാണം |
| കാരുണ്യപൂർവം | - | ദയയോടെ |
| കാലാൾപ്പട | - | കാലാൾസൈന്യം - നിലത്തുനിന്ന് യുദ്ധം ചെയ്യുന്ന പടയാളികൾ |
| കാഹളം | - | ഒരു വാദ്യം, ശബ്ദഘോഷം (നാ.) |
| കിന്നാരം | - | കൊഞ്ചിയുള്ള സംസാരം |
| കുറച്ചിട | - | അല്പനേരം |
| കേളികൊട്ട് | - | അറിയിപ്പ് (ശൈലി) |
| ക്രമാൽ | - | ക്രമമായി |
| ഗജം | - | ആന |
| ചക്രം തിരിയുക | - | വിഷമിക്കുക, കഷ്ടസ്ഥിതിയിലാകുക (ശൈലി) |
| ചക്രവാളം | - | വൃത്താകൃതിയിൽ പരന്നുകിടക്കുന്ന ആകാശമണ്ഡലം |
| ചാർത്ത് | - | കൂട്ടം, അലങ്കരിക്കൽ (നാ.) |
| ചിന്നുക | - | ചിതറുക |
| ചേഷ്ട | - | പ്രവൃത്തി |
| ചൈത്രം | - | വസന്തകാലം, വസന്ത ഋതുവിലെ ആദ്യമാസം, മേടമാസം (നാ.) |
| ചോല | - | അരുവി, തണൽ (നാ.) |
| ജീവസ്സുറ്റ | - | ചൈതന്യമുള്ള |
| തന്തി | - | വീണയിലെ കമ്പി |
| തഴുകുക | - | തലോടുക |
| താമസന്മാർ | - | തമോഗുണമുള്ളവർ |
| തൂണീരം | - | ആവനാഴി, അമ്പുറ |
| തൊടി | - | പുരയിടത്തിന്റെ താണ ഭാഗം |

| | | |
|---|---|---|
| തോയം | - | വെള്ളം, നീര്, ജലം (പ.) |
| തോയാകരം | - | കടൽ |
| ദിശാഭ്രമം | - | ദിക്കു തെറ്റൽ, സ്ഥലം മനസ്സിലാകാത്ത അവസ്ഥ |
| ധാരാളിത്തം | - | ധൂർത്ത് |
| ധൂളി | - | നേരിയ പൊടി |
| നിഗൂഢത | - | രഹസ്യമായ, മറഞ്ഞിരിക്കുന്ന |
| നിഗ്രഹിക്കുക | - | കൊല്ലുക |
| നിർമ്മലം | - | പരിശുദ്ധം |
| നിർവൃതി | - | പൂർണ്ണമായ സംതൃപ്തി |
| നിറഞ്ഞുലാവുന്നു | - | നിറഞ്ഞൊഴുകുന്നു |
| നേർത്ത | - | കനം കുറഞ്ഞ |
| പച്ചിച്ച് | - | പച്ചനിറമാർന്ന് |
| പടഹം | - | പെരുമ്പറ |
| പടുത്തു | - | കെട്ടിപ്പൊക്കി |
| പത്രം | - | ഇല, ചിറക്, വർത്തമാനപത്രം (നാ.) |
| പഥ്യം | - | ഇഷ്ടം |
| പന്തീരാണ്ട് | - | പന്ത്രണ്ടുവർഷം |
| പരിഘം | - | ഇരുമ്പുലക്ക, ഇരുമ്പുഗദ |
| പരിമളം | - | സുഗന്ധം |
| പല്ലവം | - | തളിര് |
| പാർഥാത്മജൻ | - | അർജുനപുത്രൻ, അഭിമന്യു |
| പീയൂഷം | - | അമൃത് |
| പൂപ്പുഞ്ചിരി | - | പൂ പോലെയുള്ള പുഞ്ചിരി |
| പെരുമ | - | മഹത്വം, ശ്രേഷ്ഠത |
| പൊയ്ക | - | കുളം, തടാകം |
| പ്രതിഭാസം | - | പെട്ടെന്നുണ്ടാകുന്ന സംഭവം, തോന്നൽ |
| പ്രധാനി | - | പ്രധാനപ്പെട്ട വ്യക്തി |
| പ്രമാണം | - | ആധാരം, വിശ്വാസം, സത്യം (നാ.) |
| പ്രായേണ | - | മിക്കവാറും |
| ഭരദ്വാജൻ | - | ദ്രോണരുടെ പിതാവ് |
| ഭൂഷ | - | അലങ്കാരം |

| | | |
|---|---|---|
| ഭേരി | - | ഒരു വലിയ വാദ്യം, മുഴക്കം (നാ.) |
| മഞ്ജരി | - | പൂങ്കുല, കവിതയെഴുതാനുള്ള ഒരു താളക്രമം |
| മഞ്ജുളം | - | മനോഹരം |
| മണ്ണടര് | - | മണ്ണിന്റെ അടുക്ക് |
| മതി | - | ബുദ്ധി, ചന്ദ്രൻ, തൃപ്തിയാകുക (നാ.) |
| മധ്യാഹ്നം | - | ഉച്ചനേരം |
| മനോജ്ഞം | - | മനോഹരം |
| മന്ത്രണം | - | ചെറിയ ശബ്ദം, രഹസ്യം പറച്ചിൽ |
| മന്ദ്രസ്ഥായി | - | പതിഞ്ഞ സ്വരത്തിലുള്ള |
| മാഹേന്ദ്രജാലം | - | മായാജാലം, മായാവിദ്യ |
| മാദകം | - | മദിപ്പിക്കുന്നത്, ലഹരി പകരുന്നത് |
| മാധവകാലം | - | ഇടവമാസം, പൂന്തേനുള്ള കാലം |
| മാനവർ | - | മനുഷ്യർ |
| മാമലകൾ | - | വലിയ മലകൾ |
| മിഥ്യ | - | ഇല്ലാത്തത് |
| മുകിൽ | - | മേഘം, നീരദം (പ.) |
| മുഗ്ധൻ | - | മുഴുകിയവൻ, ലയിച്ചവൻ |
| മുണ്ടകൻ | - | ഒരു തരം നെല്ല്, കന്നിമാസത്തിൽ വിതയ്ക്കുന്ന നിലം |
| മുൾത്തടി | - | ഒരു ആയുധം |
| മൃദുലം | - | മാർദവമുള്ളത് |
| മേ | - | എനിക്ക്, എന്റെ |
| മോഹനം | - | മോഹിപ്പിക്കുന്നത് |
| ലളിത | - | സുന്ദരി |
| ലവലേശം | - | അല്പം പോലും |
| ലസിക്കുക | - | ശോഭിക്കുക |
| ലാവണ്യം | - | സൗന്ദര്യം |
| ലാസ്യം | - | ഒരുതരം നൃത്തഭാവം |
| വമ്പോടെ | - | ഊറ്റത്തോടെ, അഹങ്കാരത്തോടെ |
| വർണ്ണം | - | നിറം, ജാതി, വർഗം, അക്ഷരം (നാ.) |
| വല്ലഭം | - | സാമർഥ്യം, ശക്തി, ബോധം (നാ.) |

| | | |
|---|---|---|
| വല്ലി | - | വള്ളി |
| വല്ലീതരുമണ്ഡലം | - | വള്ളികളുടെയും മരങ്ങളുടെയും കൂട്ടം |
| വാഗ്മി | - | മിതമായും സാരമായും സംസാരിക്കുന്നവൻ / വൾ |
| വിചിത്രവർണ്ണം | - | ആശ്ചര്യകരമായ നിറപ്പകിട്ട് |
| വിതാനം | - | അലങ്കാരം, മേൽവിരിപ്പ് |
| വിദൂരതയിൽ | - | അങ്ങകലെ |
| വിപഞ്ചി | - | വീണ |
| വിഭ്രമം | - | ആകർഷിച്ച് വശത്താക്കുക |
| വീര്യം | - | ബലം, തേജസ്സ് (നാ.) |
| വൃക്ഷലതാഗണം | - | മരങ്ങളുടെയും വള്ളികളുടെയും കൂട്ടം |
| വൃശ്ചികവാതം | - | വൃശ്ചികമാസത്തിലെ കാറ്റ് |
| വെടിപ്പ് | - | വൃത്തി |
| വ്യഗ്രത | - | താൽപര്യം |
| ശിരസ്സ് | - | തല |
| ശില്പജ്ഞർ | - | ശില്പത്തെക്കുറിച്ച് അറിവുള്ളവർ |
| ശിശിരം | - | മഞ്ഞുകാലം |
| ശുഷ്കം | - | ഉണങ്ങിയത് |
| ശൈലം | - | കുന്ന്, പർവതം |
| സംഭ്രമം | - | പേടി |
| സദൃശം | - | തുല്യം |
| സുരസുഷമ | - | ദേവസൗന്ദര്യം |
| സുഷമ | - | ഭംഗി, സൗന്ദര്യം |
| ഹരിതവീചി | - | പച്ചനിറമുള്ള രശ്മി |
| ഹൃദി | - | ഹൃദയത്തിൽ |

---

പദപരിചയത്തിലെ ചുരുക്കെഴുത്തുകളുടെ പൂർണ്ണരൂപം.

| | |
|---|---|
| പ. | - പര്യായപദം |
| നാ. | - നാനാർഥം |

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***